©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപതാമത് റിപ്പോർട്ട്

**(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 3-ലെ 3.5.1, 3.18.1 എന്നീ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപതാമത് റിപ്പോർട്ട്

**(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 3-ലെ 3.5.1, 3.18.1 എന്നീ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

940/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 20 |
| അനുബന്ധം II : | | |
| സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 26 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2021-2023)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)-യുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 3-ലെ 3.5.1, 3.18.1 എന്നീ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

## റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട അധ്യായം 3-ലെ 3.5.1, 3.18.1 എന്നീ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

**വക്കം ഗ്രാമപഞ്ചായത്ത്**

**റെയിൽവേ മെയിന്റനൻസ് ചാർജ്-**

**ഭീമമായ കുടിശിക-23,87,583 രൂപ**

(ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3-3)

അകത്തുമുറി മുതൽ കടയ്ക്കാവൂർ വരെയുള്ള (187/8-9 കി.മീ) ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കകത്തുള്ള റെയിൽവേ ക്രോസിംഗുകളുടെ മെയിന്റനൻസ് ചാർജ്ജ് അതത് വർഷത്തെ ഡിമാന്റ് അനുസരിച്ച് ദക്ഷിണ റെയിൽവേക്ക് നൽകേണ്ടതാണ്. ദക്ഷിണ റെയിൽവേ വർഷാവർഷം തുക ഡിമാന്റ് ചെയ്യാറുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് തുക അടയ്ക്കാറില്ല. 1989-90 മുതൽ 1996-97 വരെയുള്ള കുടിശ്ശിക 10,20,254 രൂപയാണ്. ദക്ഷിണ റെയിൽവേ ഡിവിഷണൽ മാനേജർ (വർക്ക്സ്) തിരുവനന്തപുരം 4-11-98-ലെ വി.ഡബ്ല്യൂ. 287/14/1-ാം നമ്പർ പ്രകാരം തുക അടച്ചില്ലെങ്കിൽ റെയിൽവേ ക്രോസിംഗുകൾ അടയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും ഗ്രാമപഞ്ചായത്ത് തുക അടച്ചില്ല. 31-3-2003 വരെ 23,87,583 രൂപ മെയിന്റനൻസ് ചാർജിനത്തിൽ ദക്ഷിണ റെയിൽവേക്ക് അടയ്ക്കാനുണ്ട്. യഥാസമയം കുടിശിക തുക അടയ്ക്കാതിരുന്നതിനാൽ ബാദ്ധ്യത വർദ്ധിച്ചു വരുന്നു. വർഷം തോറും ഡിമാന്റിനനുസരിച്ച് തുക അടച്ചിരുന്നെങ്കിൽ 50% ചെലവു തുക റെയിൽവേ മെയിന്റനൻസ് ഗ്രാന്റായി ലഭിക്കുമായിരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.5.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**വക്കം ഗ്രാമപഞ്ചായത്ത്**

1. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഇക്കാര്യം വകുപ്പുതലത്തിൽ പരിശോധിച്ച് വ്യക്തത വരുത്തിയിട്ടുണ്ടെന്നും വക്കം ഗ്രാമപഞ്ചായത്തിലെ ഈ വർഷം ലഭിച്ച ഇൻവോയിസിലെ 7 ലക്ഷം രൂപയുടെ കുടിശ്ശിക

മാത്രമാണ് നിലവിലുള്ളതെന്നും പഴയ കുടിശ്ശിക തുകയെല്ലാം ഒടുക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**2. വക്കം ഗ്രാമപഞ്ചായത്തിലെ റെയിൽവേ മെയിന്റനൻസ് ചാർജ്ജിനത്തിലുള്ള ഭീമമായ കുടിശ്ശിക സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് വ്യക്തത വരുത്തിയിട്ടുണ്ടെന്നും നടപ്പുവർഷത്തെ 7 ലക്ഷം രൂപയുടെ കുടിശ്ശിക ഒഴികെയുള്ള പഴയ കുടിശ്ശിക തുകയെല്ലാം ഒടുക്കിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പത്തനംതിട്ട ജില്ല**

**പൊതുപരാമർശങ്ങൾ**

**വൗച്ചറുകൾ, ഫയലുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല**

ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികളും ഭരണവകുപ്പും കൈക്കൊള്ളുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | സ്ഥാപനം | ഖണ്ഡിക | ചെലവിന്റെ വിവരം | ചെലവ് തുക (രൂപ) |
|---|---|---|---|---|
| 1 | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 02-03 | 3.4 | പട്ടികജാതി വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം | 196400 |
| | | 3.9 | പദ്ധതിവിഹിതത്തിൽ നിന്നുള്ള വിവിധ ചെലവുകൾ | 892282 |
| 2 | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 02-03 | 3.1 | ബി ഫണ്ട് ആരോഗ്യം ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങിയത് | 113183 |

| | | | | |
|---|---|---|---|---|
| 3 | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 03-04 | 3.8 | പ്ലാൻ ഫണ്ട് ചെലവുകൾ | 316839 |
| 4 | പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 02-03 | 3.3 | പ്രത്യേക ഘടക പദ്ധതി- ഭവന നിർമ്മാണം വ്യക്തിഗത ധനസഹായം | 615250 |
| | | 3.4 | പ്ലാൻ ഫണ്ട്, മരാമത്ത് പ്രവൃത്തികൾ | 777469 |
| | | 3.9 | ജനറൽ പി.ഡി.യിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയത് | 179240 |
| 5 | റാന്നി ഗ്രാമപഞ്ചായത്ത് 01-02 | 2.8 | ജനകീയാസൂത്രണം- വ്യക്തിഗത ആനുകൂല്യം | 49500 |
| 6 | ചിറ്റാർ ഗ്രാമപഞ്ചായത്ത് 01-02 | 2.12 | ജനറൽ പി.ഡി. ചെലവ് | 254110 |
| | | 2.14 | ജെ.ആർ.വൈ. പദ്ധതി ഫണ്ടിൽ നിന്നുമുള്ള ചെലവ് | 81907 |
| 7 | മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് 01-02 | 2.12 | ജെ.ആർ.വൈ. ഫണ്ടിൽ നിന്നുള്ള ചെലവ് | 315000 |
| 8 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് 01-02 | 2.3 | കുടിശ്ശിക ക്ഷാമബത്ത അടവാക്കിയത് | 59015 |
| | | 2.5 | തനതു ഫണ്ട് ചെലവ് | 19801 |
| 9 | മെഴുവേലി ഗ്രാമപഞ്ചായത്ത് 02-03 | 2.10 | പ്ലാൻ ഫണ്ട് മരാമത്ത് പ്രവൃത്തികൾക്ക് ചെലവായ തുക | 33191 |
| 10 | കവിയൂർ ഗ്രാമ പഞ്ചായത്ത് 02-03 | 3.14 | സമഗ്ര കലാ സാംസ്കാരിക പരിപാടി | 39114 |

| | | | | |
|---|---|---|---|---|
| 11 | നിരണം ഗ്രാമ പഞ്ചായത്ത് 2003-04 | 3.1 | നെല്ലുല്പാദന ബോണസ്-പാടശേഖരസമിതി കൺവീനർമാർക്ക് നൽകിയത് | 237730 |
| | | 3.5 | എസ്.ജി.ആർ.വൈ കിണർ നിർമ്മാണം | 68515 |
| 12 | റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് 2000-01 | 2.9 | ബി ഫണ്ട് ചെലവുകൾ | 598725 |
| 13 | റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് 2001-02 | 2.9 | ബി ഫണ്ട് ചെലവുകൾ | 744055 |
| | | 2.10 | ജെ.ജി.എസ്.വൈ. ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ | 99244 |
| 14 | നാറാണംമൂഴി ഗ്രാമപഞ്ചായത്ത് 2001-02 | 2.9 | ബി ഫണ്ട് ചെലവുകൾ | 824450 |
| 15 | റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് 2001-02 | 2.24 | തനതു ഫണ്ട് ചെലവ് | 306785 |
| 16 | ചിറ്റാർ ഗ്രാമപഞ്ചായത്ത് 2001-02 | 16 | മരാമത്ത് പ്രവൃത്തികൾ | 381786 |
| 17 | അയിരൂർ ഗ്രാമപഞ്ചായത്ത് (കത്ത് നമ്പർ എൽ.എഫ് പി.റ്റി.എ.പി. 3/23/2006 തീ.12-5-06/14-6-06) | 2.2 | ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നുള്ള ചെലവ് | 15500 |
| | | 2.4 | തനതു ഫണ്ട് ചെലവ് | 19405 |
| 18 | റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് 2000-01 | 2.14 | ബി ഫണ്ട് ചെലവ് | 20500 |
| | | 2.18 | ജനറൽ പി.ഡി. ചെലവ് | 67044 |
| 19 | റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത് 2002-03 | 3.7 | തനത് ഫണ്ട് ചെലവ് | 1221530 |
| | | 3.9 | പ്ലാൻ പി.ഡി. ചെലവ് | 139277 |
| | | 3.17 | സാക്ഷരത | 12708 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.18.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)**

ഖണ്ഡിക 3.4- പട്ടികജാതി വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം (ചെലവ് തുക - 1,96,400 രൂപ)

ഖണ്ഡിക 3.9 - പദ്ധതി വിഹിതത്തിൽ നിന്നുമുള്ള വിവിധ ചെലവുകൾ (ചെലവ് തുക - 8,92,282 രൂപ)

3. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമായിട്ടുണ്ടെന്നും ഇനിയും കണ്ടെത്താനുള്ള 2005-06 കാലഘട്ടത്തിലെ വൗച്ചറുകൾ അടിയന്തരമായി കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി അടുക്കി സൂക്ഷിച്ചിരുന്ന ഫയലുകളും മറ്റ് രേഖകളും കാലപ്പഴക്കത്താൽ നഷ്ടപ്പെട്ടതാകാമെന്നും പ്രസ്തുത രേഖകൾ കണ്ടെത്തുന്നതിന് പ്രത്യേക പരിശോധന നടത്തുന്നതാണെന്നും ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ മറുപടി നൽകി.

4. ഓഡിറ്റിന് ലഭ്യമല്ലാത്ത വൗച്ചറുകൾ എന്തെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിച്ചിരുന്നതെന്നത് സംബന്ധിച്ച് ഭരണ വകുപ്പ് പരിശോധന നടത്തി വിശദീകരണം ലഭ്യമാക്കുക എന്നതാണ് ഇക്കാര്യത്തിൽ പ്രായോഗികമായി ചെയ്യാൻ സാധിക്കുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

5. ചെലവിനാധാരമായ വൗച്ചറുകളും രേഖകളും ഓഡിറ്റ് വകുപ്പിന്റെ പരിഗണനയ്ക്കായി മാറ്റി സൂക്ഷിച്ച സമയത്ത് കാണാതെ പോയതാകാമെന്ന് കരുതുന്നതായി പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

6. ഓഡിറ്റ് പരാമർശങ്ങളിന്മേൽ രേഖകൾ ലഭ്യമല്ലാത്തത് പ്രധാന വിഷയമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിരവധി രേഖകൾ വീണ്ടെടുക്കുന്നതിനും കുടിശ്ശിക തുക തിരിച്ചടപ്പിക്കുന്നതിന് നടപടിയെടുക്കാനും സാധിച്ചിട്ടുണ്ടെന്നും 2018-ലെ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ പല രേഖകളും കണ്ടെത്താൻ സാധിച്ചിട്ടില്ലെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും സെക്രട്ടറിമാരും നിർവ്വഹണ ഉദ്യോഗസ്ഥരും സ്ഥലസന്ദർശനം നടത്തി ജനങ്ങളിൽ നിന്ന് വിവരം ശേഖരിച്ച് ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച പ്രവൃത്തികൾ നടന്നുവെന്ന്

ഉറപ്പുവരുത്തുകയാണ് ചെയ്തുവരുന്നതെന്നും പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിനെയും സമിതിയെയും അറിയിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

7. രേഖകളില്ലാത്ത പ്രോജക്റ്റുകളുടെ കാര്യത്തിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി പ്രസ്തുത പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഇൻഡിവിജ്വൽ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയാൽ മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളുവെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി. തുടർന്ന്, പ്രളയമുണ്ടായത് 2018-ലാണെന്നും ഓഡിറ്റ് നടന്നത് 2006-07 കാലഘട്ടത്തിലാണെന്നും സൂചിപ്പിച്ചുകൊണ്ട് പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഫിസിക്കൽ പരിശോധന നടത്തി ഓരോ ഓഡിറ്റ് പരാമർശത്തിനും പ്രത്യേക റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**8. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ പ്രസ്തുത ഓഡിറ്റ് നടന്നത് 2006-07 കാലഘട്ടത്തിലാണെന്നതിനാൽ പരാമർശവുമായി ബന്ധപ്പെട്ട വൗച്ചറുകളും രേഖകളും 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടുവെന്ന വാദം വസ്തുതാപരമല്ലെന്ന് സമിതി വിലയിരുത്തുന്നു. പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഫിസിക്കൽ പരിശോധന നടത്തി ഓരോ ഓഡിറ്റ് പരാമർശത്തിനും പ്രത്യേക റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

### കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)

<u>ഖണ്ഡിക നമ്പർ 3.1 -ബി ഫണ്ട്-ആരോഗ്യം-ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങിയത് (ചെലവ് തുക - 1,13,183 രൂപ)</u>

9. ഓഡിറ്റ് പരമാർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**10. കോയിപ്രം ബ്ലോക്ക് പഞ്ചായത്തിലെ ബി ഫണ്ട്-ആരോഗ്യം, ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2003-04)**

ഖണ്ഡിക 3.8 പ്ലാൻ ഫണ്ട് ചെലവുകൾ (ചെലവ് തുക - 3,16,839 രൂപ)

11. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**12. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)**

ഖണ്ഡിക 3.3 പ്രത്യേക ഘടക പദ്ധതി-ഭവന നിർമ്മാണം-വ്യക്തിഗത ധനസഹായം (ചെലവ് തുക - 6,15,250 രൂപ)

13. 2002-03 കാലഘട്ടത്തിലെ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ 6,15,250 രൂപ നൽകിയ പരാമർശം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ പ്രസ്തുത കാലയളവിലെ ഇന്ദിര ആവാസ് യോജന പദ്ധതി രജിസ്റ്ററും തുക കൈപ്പറ്റിയ രസീതും ഗുണഭോക്താക്കളുടെ ഫയലുകളും ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത രേഖകൾ സംബന്ധിച്ച റിപ്പോർട്ട് 3-11-2021-ന് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും പറക്കോട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. പരാമർശത്തിന്മേൽ ഒരു മറുപടി മാത്രം ലഭ്യമാക്കിയതല്ലാതെ രേഖകൾ സമർപ്പിച്ചിട്ടില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

14. രേഖകൾ ലഭ്യമായിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിഗണനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.4 പ്ലാൻ ഫണ്ട് - മരാമത്ത് പ്രവൃത്തികൾ

(ചെലവ് തുക- 7,77,469 രൂപ)

15. 2002-03 കാലഘട്ടത്തിലെ 17 മരാമത്ത് പ്രവൃത്തികൾക്കുള്ള തുക പിൻവലിച്ചതുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച 10 പ്രവൃത്തികളുടെ ഫയലുകളും ചെക്ക് ഇഷ്യൂ രജിസ്റ്ററും കണ്ടെത്തിയിട്ടുണ്ടെന്ന് പറക്കോട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ വിശദീകരിച്ചു.

16. അവശേഷിക്കുന്ന പ്രവൃത്തികളുടെ ഫിസിക്കൽ പരിശോധന നടത്തിയശേഷം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.9 ജനറൽ പി.ഡി.യിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയത് (ചെലവ് തുക - 1,79,240 രൂപ)

17. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**18. പ്രത്യേക ഘടകപദ്ധതി-ഭവനനിർമ്മാണം-വ്യക്തിഗതധനസഹായം എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ കൂടി ഓഡിറ്റ് വകുപ്പിന്റെ പരിഗണനയ്ക്ക് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**19. പ്ലാൻ ഫണ്ട്-മരാമത്ത് പ്രവൃത്തികൾ എന്നയിനത്തിൽ 2002-03 കാലഘട്ടത്തിലെ അവശേഷിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫിസിക്കൽ പരിശോധന നടത്തിയ ശേഷം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**20. ജനറൽ പി.ഡി.യിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ തുക സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**റാന്നി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2001-02)**

ഖണ്ഡിക 2.8 - ജനകീയാസൂത്രണം - വ്യക്തിഗത ആനുകൂല്യം

(ചെലവ് തുക - 49,500 രൂപ)

21. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഭവനനിർമ്മാണത്തിനായി 10,000 രൂപ മൂന്നാം ഗഡുവായി കൈപ്പറ്റിയ ഒരു വ്യക്തിയുടെ വിവരം മാത്രമാണ് വ്യക്തിഗത ആനുകൂല്യ ഇനത്തിൽ ഇതുവരെ കണ്ടെത്തിയിട്ടുള്ളതെന്നും 2018-ലെ പ്രളയത്തിൽ പഞ്ചായത്ത് ഓഫീസിലെ ഒരു നില മുഴുവനായും മുങ്ങിപ്പോയതിനാൽ രേഖകൾ മുഴുവൻ നഷ്ടപ്പെട്ടെന്നും പ്രസ്തുത വിവരം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും മറ്റുള്ള ഗുണഭോക്താക്കളുടെ പേര് ഒഴികെയുള്ള മറ്റ്

വിവരങ്ങൾ ലഭ്യമല്ലെന്നും പ്രസ്തുത വിവരം പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും റാന്നി പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

22. ഭവനനിർമ്മാണ ധനസഹായം ഒരിക്കൽ ലഭിച്ചവരുടെ വിവരം അറിയാതെ പിന്നീടുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സാധ്യമല്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ലെന്നുള്ളത് യുക്തിസഹമല്ലെന്നും ഏതുവർഷത്തെ സ്കീമാണെന്നതും ആർക്കൊക്കെ ധനസഹായം നൽകിയിട്ടുണ്ടെന്നതും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉണ്ടാകണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

23. ധനസഹായം നൽകിയിരിക്കുന്നത് 2002-ൽ ആണെന്നും 16 വർഷം കഴിഞ്ഞ് 2018-ൽ മാത്രമാണ് പ്രളയമുണ്ടായതെന്നും രേഖ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന മറുപടി അംഗീകരിക്കാൻ സാധിക്കില്ലെന്നും വ്യക്തമാക്കിയ സമിതി, പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഇതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിന് ശേഷം തീരുമാനമെടുക്കാമെന്ന് അറിയിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**24. ഭവന നിർമ്മാണ ധനസഹായം നൽകിയിരിക്കുന്നത് 2002-ൽ ആണെന്നതിനാൽ പതിനാറ് വർഷത്തിനു ശേഷം 2018-ലുണ്ടായ പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടുവെന്ന വാദം അംഗീകരിക്കുവാൻ സാധിക്കില്ലെന്ന് സമിതി വ്യക്തമാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ട് പരിശോധനയ്ക്കും തുടർനടപടികൾക്കുമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ചിറ്റാർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 01-02)**

<u>ഖണ്ഡിക 2.12-ജനറൽ പി.ഡി. ചെലവ്</u> (ചെലവ് തുക-2,54,110 രൂപ)

25. പെൻഷൻ, തൊഴിൽരഹിതവേതനം എന്നിവ വിതരണം ചെയ്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

<u>ഖണ്ഡിക 2.14 ജെ.ആർ.വൈ. പദ്ധതി ഫണ്ടിൽ നിന്നുമുള്ള ചെലവ്</u>

(ചെലവ് തുക-81,907 രൂപ)

26. ജെ.ആർ.വൈ. അക്കൗണ്ടിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടുവെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. ഗുണഭോക്താക്കൾക്ക് പെൻഷൻ, തൊഴിൽരഹിതവേതനം എന്നിവ വിതരണം ചെയ്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**28. ജെ.ആർ.വൈ അക്കൗണ്ടിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടുവെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 01-02)**

ഖണ്ഡിക 2.12-ജെ.ആർ.വൈ. ഫണ്ടിൽ നിന്നുള്ള ചെലവ്

(ചെലവ് തുക-3,15,000 രൂപ)

29. ജെ.ആർ.വൈ പദ്ധതി പ്രകാരം ചെയ്ത പ്രവൃത്തികളുടെ വൗച്ചറുകൾ കണ്ടെത്താൻ സാധിക്കാത്തത് സംബന്ധിച്ച് 2-6-2014-ൽ അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും വാക്കനോലി-പാറക്കടവ് റോഡ്, ആയുർവേദ ആശുപത്രി വെയിറ്റിംഗ് ഷെഡ്, പാറത്തോട് കലുങ്ക് നിർമ്മാണം, കീഴ്വായ്പൂര്-പൗവ്വത്തിൽപടി റോഡ് ടാറിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചതായി സ്ഥലപരിശോധന നടത്തിയപ്പോൾ മനസ്സിലായിട്ടുണ്ടെന്നും ആയുർവേദ ആശുപത്രിയുടെ വെയിറ്റിംഗ് ഷെഡ് നിർമ്മാണ പ്രവൃത്തി നടത്തിയിട്ടില്ലെന്നും അനുബന്ധമായ വെയിറ്റിംഗ് റൂമിലെ മെയിന്റനൻസ് പ്രവൃത്തി ചെയ്തിട്ടുള്ളതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ആയത് സംബന്ധിച്ച വൗച്ചറുകൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ലെന്നും മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

30. പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് സ്ഥലപരിശോധന നടത്തി വസ്തുതാപരമായി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വകുപ്പ് വ്യക്തമാക്കിയതിന്റെയും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**31. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ ജെ.ആർ.വൈ. പദ്ധതിപ്രകാരം ചെയ്ത വാക്കനോലി-പാറക്കടവ് റോഡ്, ആയുർവേദ ആശുപത്രി വെയ്റ്റിംഗ് ഷെഡ്,**

**പാറത്തോട് കലുങ്ക് നിർമ്മാണം, കീഴ്ലായൂര്-പൗവ്വത്തിൽപടി റോഡ് ടാറിംഗ് എന്നീ പ്രവൃത്തികൾ സംബന്ധിച്ച് സ്ഥലപരിശോധന നടത്തി വസ്തുതാപരമായി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെയും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 01-02)**

ഖണ്ഡിക 2.3-കുടിശ്ശിക ക്ഷാമബത്ത അടവാക്കിയത്

(ചെലവ് തുക-59,015 രൂപ)

32. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

ഖണ്ഡിക 2.5-തനത് ഫണ്ട് ചെലവ് (ചെലവ് തുക-19,801 രൂപ)

33. ഓഡിറ്റ് പരാമർശം സംബന്ധിച്ച ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകളും അനുബന്ധരേഖകളും പതിനെട്ട് വർഷത്തിലധികം കാലപ്പഴക്കമുള്ളതിനാലും ഒന്നിലധികം തവണ ഓഫീസ് ഷിഫ്റ്റിംഗ് നടന്ന സാഹചര്യത്തിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നത് സംബന്ധിച്ച ബന്ധപ്പെട്ട വകുപ്പിന്റെ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**34. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടിശ്ശിക ക്ഷാമബത്ത അടവാക്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**35. 19801 രൂപയുടെ തനതുഫണ്ട് ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകളും അനുബന്ധരേഖകളും കാലപ്പഴക്കം മൂലവും ഓഫീസ് ഒന്നിലധികം തവണ ഷിഫ്റ്റ് ചെയ്ത സാഹചര്യത്തിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന ബന്ധപ്പെട്ട വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**മെഴുവേലി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 02-03)**

2.10 പ്ലാൻ ഫണ്ട് മരാമത്ത് പ്രവൃത്തികൾക്ക് ചെലവായ തുക (ചെലവ് തുക-33,191 രൂപ)

36. ഓഡിറ്റ് ഖണ്ഡികയിലെ പരാമർശവിഷയത്തിന്മേലുള്ള പ്രവൃത്തികൾ സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ലെങ്കിലും ഫീൽഡ്തല പരിശോധനയിൽ പ്രവൃത്തി

പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടുവെന്നുള്ള വകുപ്പിന്റെ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**37. മെഴുവേലി ഗ്രാമപഞ്ചായത്തിലെ പ്ലാൻ ഫണ്ട് മരാമത്ത് പ്രവൃത്തികൾക്ക് ചെലവായ തുക സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ലെങ്കിലും ഫീൽഡ്തല പരിശോധനയിൽ പ്രവൃത്തി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടുവെന്ന വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**കവിയൂർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 02-03)**

<u>ഖണ്ഡിക 3.14- സമഗ്ര കലാസാംസ്കാരിക പരിപാടി</u>

(ചെലവ് തുക-39,114 രൂപ)

38. പത്തൊൻപത് വർഷത്തോളം പഴക്കമുള്ള പ്രസ്തുത പദ്ധതിയുടെ വൗച്ചറുകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ നിലവിൽ കണ്ടെത്താൻ സാധിക്കാത്തതിനാലും പ്രസ്തുത പരാമർശം ഒഴിവാക്കി നൽകുന്നതിന് 8-10-2021-ൽ കൂടിയ കവിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 5(15)-ാം നമ്പർ പ്രകാരം തീരുമാനമെടുത്ത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ടെന്ന വകുപ്പിന്റെ മറുപടിയും പരിഗണിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**39. കവിയൂർ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച സമഗ്രകലാസാംസ്കാരിക പരിപാടി സംബന്ധിച്ച പത്തൊൻപത് വർഷത്തോളം പഴക്കമുള്ള രേഖകൾ കണ്ടെത്താൻ സാധിക്കാത്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**നിരണം ഗ്രാമപഞ്ചായത്ത്**

<u>ഖണ്ഡിക 3.1 നെല്ലുല്പാദന ബോണസ്-പാടശേഖര സമിതി കൺവീനർക്ക് നൽകിയത്</u>
(ചെലവ് തുക-2,37,730 രൂപ)

40. 2003-04 കാലയളവിൽ പഞ്ചായത്തിലെ വിവിധ പാടശേഖര സമിതി കൺവീനർമാർക്ക് കൃഷി ഓഫീസ് മുഖേന വിതരണം ചെയ്ത നെല്ലുല്പാദന ബോണസിന്റെ

വൗച്ചറുകളും ഫയലുകളും ഹാജരാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത രേഖകൾ 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതായി നിരണം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

41. പഞ്ചായത്തിൽ നിന്നും തുകയൊന്നും ലഭിക്കാൻ ബാക്കിയില്ലെന്ന് സമിതി കൺവീനർമാർ അറിയിച്ചിട്ടുള്ളതായി കൃഷി ഓഫീസർക്ക് ബോധ്യപ്പെട്ടുവെന്ന് മറുപടിയിൽ പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാടശേഖര സമിതി കൺവീനർമാർ തന്നെയാണോ ഇപ്പോഴും തുടരുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ പാടശേഖര സമിതികൾ രജിസ്റ്റേർഡ് സമിതികളാണെന്നും അവ മാറിവരുമെന്നും 2000-01, 2001-02, 2002-03 എന്നീ കാലയളവുകളിലെ പ്രൊഡക്ഷൻ ബോണസാണ് ഒരേക്കറിന് 140 രൂപയെന്ന കണക്കിൽ ഒരു ഹെക്ടറിന് 350 രൂപ വച്ച് നെല്ലുല്പാദന ബോണസായി ബി ഫണ്ടിൽ നിന്ന് നൽകിയതെന്നും മേൽതുക ഉപയോഗിച്ചാണ് ഇപ്പോഴും നിരണം പോലെ വെള്ളക്കെട്ടുള്ള സ്ഥലത്ത് കൃഷി ചെയ്തുവരുന്നതെന്നും പ്രസ്തുത തുക വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ 2018-ലെ വെള്ളപ്പൊക്കത്തിൽ കൃഷി ഓഫീസിൽ നിന്ന് നഷ്ടപ്പെട്ടുവെന്നും പഞ്ചായത്ത് കൃഷി ഓഫീസർ മറുപടി നൽകി.

42. പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ ഉടൻ തന്നെ ഓഡിറ്റ് വകുപ്പിൽ ഹാജരാക്കാമെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകി.

43. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ച സമിതി, ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ മറുപടിയും രേഖകളും ലഭ്യമായിട്ടുണ്ടെന്ന് ഓഡിറ്റർ പിന്നീട് റിപ്പോർട്ട് നൽകിയാൽ അതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ കഴിയുന്ന പരാമർശങ്ങൾ സമിതിയുടെ പരിഗണനയ്ക്കു വരുമ്പോൾ തന്നെ ഒഴിവാക്കാൻ കഴിയുമെന്ന് ചൂണ്ടിക്കാട്ടി.

ഖണ്ഡിക 3.5- എസ്.ജി.ആർ.വൈ കിണർ നിർമ്മാണം (ചെലവ് തുക-68,515 രൂപ)

44. ഓഡിറ്റ് പരാമർശത്തിൻമേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**45. നെല്ലുൽപ്പാദന ബോണസ് പാടശേഖരസമിതി കൺവീനർക്ക് നൽകിയത് സംബന്ധിച്ച് നിരണം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**46. എസ്.ജി.ആർ.വൈ. കിണർ നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 00-01)**

<u>ഖണ്ഡിക 2.9-ബി ഫണ്ട് ചെലവുകൾ</u> (ചെലവ് തുക-5,98,725 രൂപ)

47. പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**48. ബി ഫണ്ട് ചെലവുകൾ സംബന്ധിച്ച പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 01-02)**

<u>ഖണ്ഡിക 2.9-ബി ഫണ്ട് ചെലവുകൾ</u> (ചെലവ് തുക-7,44,055 രൂപ)

49. ഓഡിറ്റ് പരാമർശത്തിൻമേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക 2.10-ജെ.ജി.എസ്.വൈ. ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ</u>

(ചെലവ് തുക-99,244 രൂപ)

50. പ്രസ്തുത പരാമർശം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**51. റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലെ ബി ഫണ്ട് ചെലവുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**52. ജെ.ജി.എസ്.വൈ. ഫണ്ടിൽ നിന്നുള്ള ചെലവുകൾ സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**നാറാണംമൂഴി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 01-02)**

ഖണ്ഡിക 2.9-ബി ഫണ്ട് ചെലവുകൾ (ചെലവ് തുക-8,24,450 രൂപ)

53. പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയും അതിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ വിശദീകരണവും അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**54. നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ ബി ഫണ്ട് ചെലവുകൾ സംബന്ധിച്ച പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും പ്രസ്തുത വിശദാംശങ്ങൾ ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ടതാണെന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 01-02)**

ഖണ്ഡിക 2.24 തനത് ഫണ്ട് ചെലവ് (ചെലവ് തുക-3,06,785 രൂപ)

55. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാത്തതുസംബന്ധിച്ച് സമിതി ആരാഞ്ഞതിന്, തനത് ഫണ്ട് ഇനത്തിൽ 3,06,785 രൂപ ചെലവഴിച്ചതിന്റെ ക്യാഷ് ബുക്കും കൗണ്ടർ ഫോയിലും കണ്ടെത്തിയെന്നും മൂന്ന് ജീവനക്കാർക്ക് ചുമതല കൊടുത്ത് പരിശോധിച്ചെങ്കിലും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും വൗച്ചറുകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

56. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങണമെന്നും നിരുത്തരവാദപരമായ നിലപാടെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും വകുപ്പിന് നിർദ്ദേശം നൽകി.

57. ഓഡിറ്റ് പരാമർശത്തിൽ പറയുന്ന തുക ഉപയോഗിച്ച് പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്ന് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമോ എന്ന കാര്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**58. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും വൗച്ചറുകളും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങുന്നതിനും നിരുത്തരവാദപരമായ നിലപാടെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ഓഡിറ്റ് പരാമർശത്തിൽ പറയുന്ന തുക ഉപയോഗിച്ച് പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്ന് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**ചിറ്റാർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 01-02)**

ഖണ്ഡിക 16-മരാമത്ത് പ്രവൃത്തികൾ (ചെലവ് തുക-3,81,786 രൂപ)

59. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ജനോപകാരപ്രദമായ പ്രസ്തുത പ്രവൃത്തികൾ നടന്ന സ്ഥലങ്ങൾ നേരിട്ട് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എട്ട് പദ്ധതികളും നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും പ്രസ്തുത റിപ്പോർട്ട് ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടിയും അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**60. ഓഡിറ്റ് പരാമർശം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും പ്രസ്തുത റിപ്പോർട്ട് ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടിയും അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**അയിരൂർ ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 2.2 ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നുള്ള ചെലവ്

(ചെലവ് തുക-15,500 രൂപ)

ഖണ്ഡിക 2.4 തനത് ഫണ്ട് ചെലവ് (ചെലവ് തുക-19,405 രൂപ)

61. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധ്യപ്പെടുത്തിയ വിവരങ്ങളും അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**62. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധ്യപ്പെടുത്തിയ വിവരങ്ങളും അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 00-01)**

ഖണ്ഡിക 2.14-ബി ഫണ്ട് ചെലവ് (ചെലവ് തുക-20,500 രൂപ)

63. പത്താം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് മൂന്ന് മാസം കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനും അതുവഴി തൊഴിൽ സാധ്യത ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതിക്ക് ലോവസ്റ്റ് ക്വട്ടേഷൻ നൽകിയ സ്ഥാപനത്തെ തെരഞ്ഞെടുത്തില്ല എന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമായിരുന്നുവെന്നും പ്രസ്തുത സ്ഥാപനത്തിന് ഗുണനിലവാരം ഇല്ലായെന്ന കാരണത്താലാണ് പഞ്ചായത്ത് കമ്മിറ്റി അങ്ങനെയൊരു തീരുമാനമെടുത്തതെന്നുമുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 2.18-ജനറൽ പി.ഡി. ചെലവ് (ചെലവ് തുക-67,044 രൂപ)

64. ക്യാഷ് ബുക്ക് എഴുതിയതിൽ വന്ന അപാകതകളാണ് ഓഡിറ്റ് പരാമർശത്തിലുള്ളതെന്നും ഓഡിറ്റ് നടന്ന കാലഘട്ടത്തിൽ ഇത്തരം പ്രശ്നങ്ങളുണ്ടായിരുന്നുവെന്നും നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉള്ളതിനാൽ, ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കുന്നില്ലെന്നുമുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**65. ബി-ഫണ്ട് ചെലവ് എന്ന ഖണ്ഡികയിലെ ഓഡിറ്റ് പരാമർശം സംബന്ധിച്ച പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**66. ക്യാഷ് ബുക്ക് എഴുതിയതിലെ അപാകതകളാണ് ജനറൽ പി.ഡി. ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിലുള്ളതെന്നും നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉള്ളതിനാൽ വീഴ്ച സംഭവിക്കുന്നില്ലെന്നുമുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 02-03)**

ഖണ്ഡിക 3.17 സാക്ഷരത (ചെലവ് തുക-12,708 രൂപ)

67. പരാമർശത്തിൻമേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

ഖണ്ഡിക 3.7 തനത് ഫണ്ട് ചെലവ് (ചെലവ് തുക-12,21,530 രൂപ)

ഖണ്ഡിക 3.9 പ്ലാൻ പി.ഡി. ചെലവ് (ചെലവ് തുക-1,39,277 രൂപ)

68. തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കിയ തുകയുടെ വൗച്ചറുകൾ കാലപ്പഴക്കം മൂലം ജീർണിച്ച അവസ്ഥയിലായതിനാൽ ലഭ്യമാക്കാൻ കഴിയില്ലെന്നും അക്കാലത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ചോർന്നൊലിക്കുന്ന അവസ്ഥയാണ് ഇതിന് കാരണമായതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

69. എല്ലാ പരാമർശങ്ങൾക്കും രേഖകൾ ലഭ്യമല്ലെന്ന മറുപടി നൽകുന്നത് ശരിയായ രീതിയല്ലെന്നും പഞ്ചായത്തുകളെ മികച്ച രീതിയിൽ പ്രവർത്തിപ്പിക്കേണ്ടതിന്റെ ഉത്തരവാദിത്തം പഞ്ചായത്ത് ഡയറക്ടറേറ്റിനാണെന്നും സമിതി ഓർമ്മിപ്പിച്ചു.

70. പഞ്ചായത്ത്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ 2001-02 കാലഘട്ടത്തിൽ പഞ്ചായത്ത് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി നൽകാത്തതിനാൽ ഓഡിറ്റിന് കാലതാമസമുണ്ടായെന്നും ആയതിനാൽ നടപടി വൈകുന്ന സാഹചര്യമുണ്ടായെന്നും പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് നിലവിൽ ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി പഞ്ചായത്തുകൾ സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

71. മുൻ വർഷങ്ങളിൽ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ നടന്നതായി കാണുന്നില്ലെന്നും സമിതിയുടെ ഇടപെടൽ ശക്തമായപ്പോഴാണ് പല കാര്യങ്ങളിലും പഞ്ചായത്തുകൾ പരിശോധന നടത്തുന്നതെന്നും അങ്ങനെ പരിശോധിക്കാതിരുന്നതിനാൽ, പല രേഖകളും നഷ്ടപ്പെട്ട് പോകുകയും നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ എല്ലാ പഞ്ചായത്തുകൾക്കും വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ വ്യക്തമാക്കി. ഓഡിറ്റ് പരാമർശങ്ങളിൽ ചൂണ്ടിക്കാണിക്കുന്ന പാകപ്പിഴകൾ തിരുത്താൻ പഞ്ചായത്തുകൾ തയ്യാറാകാത്തത് അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള നടപടി വൈകുന്നതിലെ കാലതാമസവും വിവിധ പരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ച അഭിപ്രായങ്ങളും യോഗം ചർച്ച ചെയ്തു. മിക്ക ഓഡിറ്റ് പരാമർശങ്ങൾക്കും റിക്കോർഡ് നശിച്ചു പോയി, ചില വിഷയങ്ങളിൽ ഉദ്യോഗസ്ഥർ മരണപ്പെട്ടു പോയി, അല്ലെങ്കിൽ വിരമിച്ചു എന്നിങ്ങനെയുള്ള മറുപടിയാണ് നൽകുന്നതെന്നും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും സമിതി അറിയിച്ചു. 2010-11-ന് ശേഷമുള്ള ഓഡിറ്റ് പരാമർശങ്ങളിൻമേൽ

നല്ല രീതിയിൽ, റിപ്പോർട്ട് ലഭ്യമാകുന്നുണ്ടെന്നും എന്നാൽ പ്രസ്തുത കാലയളവ് വരെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**72. റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്തിലെ സാക്ഷരത ചെലവ് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**73. തനത് ഫണ്ട് ചെലവ്, പ്ലാൻ പി.ഡി. ചെലവ് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ, 21 വർഷങ്ങൾക്ക് മുമ്പ് നടന്ന പ്രസ്തുത ചെലവുകൾ സംബന്ധിച്ച രേഖകൾ കണ്ടെത്താൻ കഴിയാത്തതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതായുള്ള വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി.രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

തിരുവനന്തപുരം
2022 ജൂലൈ 20.

## അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | തദ്ദേശസ്വയംഭരണ വകുപ്പ് | 2 | വക്കം ഗ്രാമപഞ്ചായത്തിലെ റെയിൽവേ മെയിന്റനൻസ് ചാർജ്ജിനത്തിലുള്ള ഭീമമായ കുടിശ്ശിക സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് വ്യക്തത വരുത്തിയിട്ടുണ്ടെന്നും നടപ്പുവർഷത്തെ 7 ലക്ഷം രൂപയുടെ കുടിശ്ശിക ഒഴികെയുള്ള പഴയ കുടിശ്ശിക തുകയെല്ലാം ഒടുക്കിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | തദ്ദേശസ്വയംഭരണ വകുപ്പ് | 8 | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ പ്രസ്തുത ഓഡിറ്റ് നടന്നത് 2006-07 കാലഘട്ടത്തിലാണെന്നതിനാൽ പരാമർശവുമായി ബന്ധപ്പെട്ട വൗച്ചറുകളും 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടുവെന്ന വാദം വസ്തുതാപരമല്ലെന്ന് സമിതി വിലയിരുത്തുന്നു. പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഫിസിക്കൽ പരിശോധന നടത്തി ഓരോ ഓഡിറ്റ് പരാമർശത്തിനും പ്രത്യേക റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 3 | തദ്ദേശസ്വയംഭരണ വകുപ്പ് | 10 | കോയിപ്രം ബ്ലോക്ക് പഞ്ചായത്തിലെ ബി ഫണ്ട്-ആരോഗ്യം, ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 4 | തദ്ദേശസ്വയംഭരണ വകുപ്പ് | 12 | ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | തദ്ദേശസ്വയംഭരണ വകുപ്പ് | 18 | പ്രത്യേക ഘടകപദ്ധതി-ഭവന നിർമ്മാണം-വ്യക്തിഗത ധനസഹായം എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ കൂടി ഓഡിറ്റ് വകുപ്പിന്റെ പരിഗണനയ്ക്ക് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | തദ്ദേശസ്വയംഭരണ വകുപ്പ് | 19 | പ്ലാൻ ഫണ്ട്-മരാമത്ത് പ്രവൃത്തികൾ എന്നയിനത്തിൽ 2002-03 കാലഘട്ടത്തിലെ അവശേഷിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫിസിക്കൽ പരിശോധന നടത്തിയ ശേഷം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | തദ്ദേശസ്വയംഭരണ വകുപ്പ് | 20 | ജനറൽ പി.ഡി.യിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ തുക സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | തദ്ദേശസ്വയംഭരണ വകുപ്പ് | 24 | ഭവന നിർമ്മാണ ധനസഹായം നൽകിയിരിക്കുന്നത് 2002-ൽ ആണെന്നതിനാൽ പതിനാറ് വർഷത്തിനു ശേഷം 2018 ലുണ്ടായ പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടുവെന്ന വാദം അംഗീകരിക്കുവാൻ സാധിക്കില്ലെന്ന് സമിതി വ്യക്തമാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ട് പരിശോധനയ്ക്കും തുടർ നടപടികൾക്കുമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | തദ്ദേശസ്വയംഭരണ വകുപ്പ് | 27 | ഗുണഭോക്താക്കൾക്ക് പെൻഷൻ, തൊഴിൽ രഹിതവേതനം എന്നിവ വിതരണം ചെയ്തിട്ടുണ്ടെന്ന തദ്ദേശസ്വയം ഭരണ വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 10 | തദ്ദേശസ്വയംഭരണ വകുപ്പ് | 28 | ജെ.ആർ.വൈ അക്കൗണ്ടിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകി യിട്ടുള്ളതായി ബോധ്യപ്പെട്ടുവെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 11 | തദ്ദേശസ്വയംഭരണ വകുപ്പ് | 31 | മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ ജെ.ആർ.വൈ. പദ്ധതിപ്രകാരം ചെയ്ത വാക്കനോലി-പാറക്കടവ് റോഡ്, ആയുർവേദ ആശുപത്രി വെയ്റ്റിംഗ് ഷെഡ്, പാറത്തോട് കലുങ്ക് നിർമ്മാണം, കീഴ്വായ്പൂര്-പൗവ്വത്തിൽപടി റോഡ് ടാറിംഗ് എന്നീ പ്രവൃത്തികൾ സംബന്ധിച്ച് സ്ഥല പരിശോധന നടത്തി വസ്തുതാപരമായി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വകുപ്പിന്റെ മറുപടിയുടെയും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | തദ്ദേശസ്വയംഭരണ വകുപ്പ് | 34 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടിശ്ശിക ക്ഷാമബത്ത അടവാക്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൻമേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | തദ്ദേശസ്വയംഭരണ വകുപ്പ് | 35 | 19801 രൂപയുടെ തനതുഫണ്ട് ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകളും അനുബന്ധരേഖകളും കാലപ്പഴക്കം മൂലവും ഓഫീസ് ഒന്നിലധികം തവണ ഷിഫ്റ്റ് ചെയ്ത സാഹചര്യത്തിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന ബന്ധപ്പെട്ട വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | തദ്ദേശസ്വയംഭരണ വകുപ്പ് | 37 | മെഴുവേലി ഗ്രാമപഞ്ചായത്തിലെ പ്ലാൻ ഫണ്ട് മരാമത്ത് പ്രവൃത്തികൾക്ക് ചെലവായ തുക സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ലെങ്കിലും ഫീൽഡ്തല പരിശോധനയിൽ പ്രവൃത്തി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടുവെന്ന വകുപ്പിന്റ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 15 | തദ്ദേശസ്വയംഭരണ വകുപ്പ് | 39 | കവിയൂർ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച സമഗ്രകലാസാംസ്കാരിക പരിപാടി സംബന്ധിച്ച പത്തൊൻപത് വർഷത്തോളം പഴക്കമുള്ള രേഖകൾ കണ്ടെത്താൻ സാധിക്കാത്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ടെന്ന വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | തദ്ദേശസ്വയംഭരണ വകുപ്പ് | 45 | നെല്ലുൽപ്പാദന ബോണസ് പാടശേഖര സമിതി കൺവീനർക്ക് നൽകിയത് സംബന്ധിച്ച് നിരണം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | തദ്ദേശസ്വയംഭരണ വകുപ്പ് | 46 | എസ്.ജി.ആർ.വൈ. കിണർ നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | തദ്ദേശസ്വയംഭരണ വകുപ്പ് | 48 | ബി ഫണ്ട് ചെലവുകൾ സംബന്ധിച്ച പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | തദ്ദേശസ്വയംഭരണ വകുപ്പ് | 51 | റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലെ ബി ഫണ്ട് ചെലവുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | തദ്ദേശസ്വയംഭരണ വകുപ്പ് | 52 | ജെ.ജി.എസ്.വൈ. ഫണ്ടിൽ നിന്നുള്ള ചെലവുകൾ സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 21 | തദ്ദേശസ്വയംഭരണ വകുപ്പ് | 54 | നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ ബി ഫണ്ട് ചെലവുകൾ സംബന്ധിച്ച പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും പ്രസ്തുത വിശദാംശങ്ങൾ ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ടതാണെന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | തദ്ദേശസ്വയംഭരണ വകുപ്പ് | 58 | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും വൗച്ചറുകളും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങുന്നതിനും നിരുത്തരവാദപരമായ നിലപാടെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ഓഡിറ്റ് പരാമർശത്തിൽ പറയുന്ന തുക ഉപയോഗിച്ച് പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്ന് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 23 | തദ്ദേശസ്വയംഭരണ വകുപ്പ് | 60 | ഓഡിറ്റ് പരാമർശം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും പ്രസ്തുത റിപ്പോർട്ട് ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടിയും അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 24 | തദ്ദേശസ്വയംഭരണ വകുപ്പ് | 62 | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധ്യപ്പെടുത്തിയ വിവരങ്ങളും അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 25 | തദ്ദേശസ്വയംഭരണ വകുപ്പ് | 65 | ബി-ഫണ്ട് ചെലവ് എന്ന ഖണ്ഡികയിലെ ഓഡിറ്റ് പരാമർശം സംബന്ധിച്ച പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 26 | തദ്ദേശസ്വയംഭരണ വകുപ്പ് | 66 | ക്യാഷ് ബുക്ക് എഴുതിയതിലെ അപാകതകളാണ് ജനറൽ പി.ഡി. ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിലുള്ളതെന്നും നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉള്ളതിനാൽ വീഴ്ച സംഭവിക്കുന്നില്ലെന്നുമുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 27 | തദ്ദേശസ്വയംഭരണ വകുപ്പ് | 72 | റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്തിലെ സാക്ഷരത ചെലവ് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | തദ്ദേശസ്വയംഭരണ വകുപ്പ് | 73 | തനത് ഫണ്ട് ചെലവ്, പ്ലാൻ പി.ഡി. ചെലവ് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ, 21 വർഷങ്ങൾക്ക് മുമ്പ് നടന്ന പ്രസ്തുത ചെലവുകൾ സംബന്ധിച്ച രേഖകൾ കണ്ടെത്താൻ കഴിയാത്തതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതായുള്ള വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

# അനുബന്ധം II

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| ക്രമനമ്പർ | പരാമർശ ഖണ്ഡിക | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | 3.5.1 | **വക്കം ഗ്രാമപഞ്ചായത്ത്**<br>**റെയിൽവേ മെയിന്റനൻസ് ചാർജ്ജ്**<br>**- ഭീമമായ കുടിശ്ശിക– 23,87,583/-രൂപ**<br>ഓഡിറ്റ് റിപ്പോർട്ട്: 2003-2004 ഖണ്ഡിക 3(3)<br>അകത്തുമുറി മുതൽ കടയ്ക്കാവൂർ വരെയുള്ള (187/8-9 കി.മി) ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലെ റെയിൽവേ ക്രോസിംഗുകളുടെ മെയിന്റനൻസ് ചാർജ്ജ് അതാത് വർഷത്തെ ഡിമാന്റ് അനുസരിച്ച് ദക്ഷിണ റെയിൽവേയ്ക്ക് നല്കേണ്ടതാണ്. ദക്ഷിണ റെയിൽവേ വർഷാവർഷം തുക ഡിമാന്റ് ചെയ്യാറുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് തുക അടയ്ക്കാറില്ല. 1989 - 90 മുതൽ 1996-97 വരെയുള്ള കുടിശ്ശിക 10,20,254/- രൂപയാണ്.ദക്ഷിണ റെയിൽവേ ഡിവിഷണൽ മാനേജർ (വർക്ക്സ്) തിരുവനന്തപുരം 04.11.1998 ലെ വി.ഡബ്ല്യു. 287/141/1-ാം നമ്പർ | ഫയലുകൾ പരിശോധിച്ചതിൽ 22/3/2014 വരെ 29,81,498/-രൂപ ലഭിക്കുകയും അത്രയും തുകകൾ റെയിൽവേയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ചുവടെ പറയുന്ന തിയതികൾക്ക് മുൻപുള്ള വരവുകളെ സംബന്ധിച്ച് ഫയലിൽ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വിവരങ്ങൾക്കായി റെയിൽവേയുമായി ബന്ധപ്പെട്ടിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | പ്രകാരം തുക അടച്ചിട്ടില്ലെങ്കിൽ റെയിൽവേ ക്രോസ്സിംഗുകൾ അടയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും ഗ്രാമപഞ്ചായത്ത് തുക അടച്ചില്ല. 31.03.03 വരെ 23,87,583/- രൂപ മെയിൻറനൻസ് ചാർജ്ജിനത്തിൽ ദക്ഷിണ റെയിൽവേയ്ക്ക് അടയ്ക്കാനുണ്ട്. യഥാസമയം കുടിശ്ശിക തുക അടയ്ക്കാതിരുന്നതിനാൽ ബാധ്യത വർദ്ധിച്ചുവരുന്നു. വർഷം തോറും ഡിമാൻറനുസരിച്ച് തുക അടച്ചിരുന്നെങ്കിൽ 50% ചെലവു തുക റെയിൽവേ മെയിൻറനൻസ് ഗ്രാൻറായി ലഭിക്കുമായിരുന്നു. | |
| | 3.18 | **പൊതുപരാമർശങ്ങൾ – പത്തനംതിട്ട ജില്ല** | |
| 2 | 3.18.1 | വൗച്ചറുകൾ, ഫയലുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയില്ല. ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ മേലധികാരികളും ഭരണ വകുപ്പും കൈക്കൊള്ളുന്നില്ല. | |

**2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി**

| ക്രമ നം. | ഖണ്ഡിക നമ്പർ & വിഷയം | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3.18<br><br>3.18.1 | **വൗച്ചറുകൾ, ഫയലുകൾ , മറ്റ് അനുബന്ധ രേഖകൾഎന്നിവ ഹാജരാക്കിയില്ല**<br><br>ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികളും ഭരണവകുപ്പും കൈക്കൊള്ളുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു. | **3.4 പട്ടികജാതി വനിതകൾക്ക് ഡ്രൈവിംഗ് പിശീലനം**<br>പ്രസ്തുത പദ്ധതിയുടെ ഫയൽ തിര തിരച്ചിലിനെതുടർന്ന് ഇപ്പോൾ കണ്ടെത്തിയിട്ടുള്ളതാണ്. ആയത് ആഡിറ്റിന് അടിയന്തിരമായി സമർപ്പിച്ച് സംശയ നിവൃത്തി വരുത്തുന്നതാണെന്ന് പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**3.9 പദ്ധതി വിഹിതത്തിൽ നിന്നുള്ള വിവിധ ചെലവുകൾ(2002-03)**<br><br>ടി വൗച്ചറുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വിശദമായ പരിശോധന നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും ആയത് രണ്ട് ദിവസങ്ങൾക്കുള്ളിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാൻ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കർശന |

| ക്രമ നം | സ്ഥാപനം | ഖണ്ഡിക | ചെലവിന്റെ വിവരം | ചെലവ് തുക ( രൂപ) |
|---|---|---|---|---|
| 1. | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 02-03 | 3.4 | പട്ടികജാതി വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം | 196400 |
| | | 3.9 | പദ്ധതി വിഹിതത്തിൽ നിന്നുള്ള വിവിധ ചെലവുകൾ | 892282 |
| 2. | കോയിപ്രം | 3.1 | ബി.ഫണ്ട് ആരോഗ്യം | 113183 |

| | | | | | |
|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് 02-03 | | ആശുപത്രി ഉപകരണങ്ങൾ ഫർണിച്ചർ എന്നിവ വാങ്ങിയത് | | നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| 3. | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 03-04 | 3.8 | പ്ലാൻ ഫണ്ട് ചെലവുകൾ | 316839 | **ബി.ഫണ്ട് ആരോഗ്യം ആശുപത്രി ഉപകരണങ്ങൾ ഫർണിച്ചർ എന്നിവ വാങ്ങിയത്(3.1)** |
| 4. | പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 02-03 | 3.3<br>3.4<br><br>3.9 | പ്രത്യേക ഘടക പദ്ധതി -ഭവന നിർമ്മാണം വ്യക്തിഗത ധനസഹായം<br>പ്ലാൻ ഫണ്ട്, മരാമത്ത് പ്രവൃത്തികൾ<br>ജനറൽ പി.ഡിയിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയത് | 615250<br><br>777469<br>179240 | പഞ്ചായത്ത് 2002-2003 വർഷത്തിൽ SIDCO മുഖാന്തിരം വാങ്ങി ഏഴുമറ്റൂർ പി.എച്ച്.സിയ്ക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളും ഫർണിച്ചറുകളും കൈപ്പറ്റിയിട്ടുള്ളതാണെന്നും ആയത് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർത്ത് മേൽ സ്ഥാപനത്തിൽ ഉപയോഗിച്ച് വന്നിരുന്നതാണെന്നും ഏഴുമറ്റൂർ സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.<br>**3.8 പ്ലാൻഫണ്ട് ചെലവുകൾ(2003-04)**<br>പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 18.02.2014 ലെ എ 2.788/03-04 നമ്പർ കത്ത് പ്രകാരം വൗച്ചറുകളുടെ ശരിപ്പകർപ്പ് ഓഡിറ്റിൽ ഹാജരാക്കിയെങ്കിലും 04.04.2014 ൽ എൽ.എഫ്..പി.റ്റി.എ പി.185/14 നമ്പർ കത്ത് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഒഴിവാക്കിയിട്ടില്ല എന്ന് പത്തനംതിട്ട ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ പരാമർശം ഒഴിവാക്കണമെന്ന് |

| | | |
|---|---|---|
| | | അപേക്ഷിക്കുന്നു.<br><br>പറക്കോട് ബ്ലോക്ക്( 3.3) പ്രത്യേക ഘടക പദ്ധതി - ഭവന പദ്ധതി- ഭവന നിർമ്മാണം വ്യക്തിഗത ധനസഹായം<br>ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകേണ്ട തുക നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ രജിസ്റ്റർ കണ്ടെടുത്തിട്ടുണ്ട്. 91 ഗുണഭോക്താക്കൾക്ക് ഈയിനത്തിൽ ചെക്ക് രൂപത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഐ.എ.വൈ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് അധികവിഹിതം നൽകിയ ഇനത്തിൽ ചെലവഴിച്ചതും ടി ഗുണഭോക്താക്കൾ ഭവന പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ ഐ.എ.വൈ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു<br>3.4 പ്ലാൻ ഫണ്ട്, മരാമത്ത് പ്രവൃത്തികൾ<br>റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18 മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചതാണ്. ടി കാലയളവിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ കണ്ടെത്തിയിട്ടുണ്ട്.ടി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തികളുടെ നിർവ്വഹണം 20 വർഷം മുമ്പ് നടന്ന നടന്നതുമായതിനാലും തുക ചെലവഴിച്ചതായി |

| | | |
|---|---|---|
| | | ബോധ്യപ്പെട്ടതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.<br>**3.9 ജനറൽ പി.ഡിയിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയത്**<br>ജനറൽ പി.ഡി അക്കൗണ്ടിൽ നിന്ന് 5 ചെക്കുകളിലായി ചെലവഴിച്ച 1,79,240/- രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്ന വിഷയം പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് ദൈനംദിന ചെലവുകൾ നേരിടാനായി ആണ് തുക അനുവദിച്ചത് എന്ന് കാണുന്നു. ടി കാലയളവിലെ ജനറൽ പിഡി അലോട്ട്മെന്റ് രജിസ്റ്റർ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററിൽ ടി തുക ദൈനംദിന ചെലവുകൾക്കായി നൽകിയതായും ചെലവിനും സംബന്ധിച്ച രേഖപ്പെടുത്തലും ഉണ്ട്. ടി കാലയളവിലെ ക്യാഷ് ബുക്കിൽ ചെലവ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ പ്രസ്തുത രജിസ്റ്റർ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 2 3.18.2 | **ഡെപ്പോസിറ്റ് വർക്കുകൾ – പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല**<br><br>വിവിധ കുടിവെള്ള/ സാമൂഹ്യ ജലസേചന പദ്ധതികളുടെ വൈദ്യുതീകരണം, പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്ത് താഴെ വിശദീകരിച്ച പ്രകാരം ലക്ഷക്കണക്കിന് രൂപ കേരള | <u>3.12 കോയിപ്രം ബ്ലോക്ക് വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ അടവാക്കിയത്-</u><br>ഡെപ്പോസിറ്റ് വർക്കുകൾ എല്ലാം തന്നെ ഭൗതിക പരിശോധനയിൽ പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | 1. റാന്നി ഗ്രാമപഞ്ചായത്ത് (2.8 )-2001-2002<br><br>വൗച്ചറുകഗ്രാമപഞ്ചായത്ത്ൾ ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജനകീയാസൂത്രണം വ്യക്തിഗത ആനുകൂല്യം (49,500/-) | 1. റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി പരിശോധന നടത്തിയതിൽ ക്രമ നമ്പർ 6 പ്രകാരമുള്ള വേണുഗോപാൽ സി. ജി എന്ന ആൾ എസ്.സി ഭവന നിർമ്മാണത്തിന് നൽകിയ 10000/-രൂപ 02.01.2002 ലെ 5,75,303 നമ്പർ ചെക്ക് പ്രകാരം കൈപ്പറ്റിയിട്ടുള്ളതായും ആകെ ലഭിച്ച 50,000/-രൂപ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ചതായും ടിയാൾ പഞ്ചായത്തിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്.<br><br>2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടം മുങ്ങിപോയിട്ടുള്ളതിനാൽ ഓഫീസിൽ സൂക്ഷിച്ചിരുന്ന മുഴുവൻ രേഖകളും വീണ്ടെടുക്കാൻ ആകാത്തവിധം നഷ്ടപ്പെട്ട് പോയിട്ടുള്ളതും ടി കാര്യം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെയും അറിയിച്ചിട്ടുള്ളതുമാണെന്നും ടി പ്രവൃത്തികൾ സംബന്ധിച്ച് നാളിതുവരെ പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലെന്നും ടി പ്രവൃത്തികളിൽ മേൽ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | പഞ്ചായത്തിനോ ജനങ്ങൾക്കോ യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഭരണസമിതിക്ക് ഉത്തരബോദ്ധ്യം ഉള്ളതിനാൽ 30.03.2021 തീയതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ 13(1)-ാം നമ്പർ തീരുമാനപ്രകാരം ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | **2. ചിറ്റാർ ഗ്രാമപഞ്ചായത്ത്. ( 2.12 ) -2001-2002 <u>ക്ഷേമ പെൻഷനുകൾ / തൊഴിൽ രഹിത വേതനം/ ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്</u>**<br><br>ജനറൽ പി.ഡി അക്കൗണ്ടിൽ നിന്നും വിവിധ ക്ഷേമ പെൻഷനുകളും, തൊഴിൽരഹിത വേതനവും ഇനത്തിൽ പിൻവലിച്ചിട്ടുള്ള തുകകൾ വിതരണം നടത്തിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് പര്യാപ്തമായ രേഖകൾ കൃത്യമായും ക്രമത്തിലും സൂക്ഷിച്ചിട്ടില്ല. പെൻഷൻ/തൊഴിൽരഹിത വേതനവിതരണം ചെലവിന്റെ കൃത്യത പരിശോധിച്ച് | 2. പഞ്ചായത്ത് ഓഫീസിലെ ബന്ധപ്പെട്ട പെൻഷൻ സെക്ഷനിലും റിക്കോർഡ് റൂമിലും ഇതര ഷെൽഫുകളിലും തിരച്ചിൽ നടത്തിയിട്ടും രേഖകളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പഞ്ചായത്തിലെ ജനപ്രതിനിധികളോടും മുൻ ജനപ്രതിനിധികളോടും നേരിട്ടും നടത്തിയ അന്വേഷണത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് പെൻഷൻ, തൊഴിൽ രഹിതവേതനം എന്നിവ വിതരണം ചെയ്തിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | ബോധ്യപ്പെട്ടിട്ടില്ല - 2,54,110/- രൂപ ഓഡിറ്റ് തടസ്സപ്പെട്ടുത്തുന്നു. | കൂടാതെ ഇത് സംബന്ധിച്ച മറ്റ് പരാതികളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്നും പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| | | 3. **ചിറ്റാർ ഗ്രാമപഞ്ചായത്ത് ( 2.14 ) -2001-2002**<br>വൗച്ചറുകളും രേഖകളും ഹാജരാക്കാത്ത 81,907 രൂപ തടസ്സപ്പെട്ടുത്തുന്നു.<br>ജെ.ആർ.വൈ.അക്കൗണ്ടിൽ നിന്നും വ്യക്തിഗത ധനസഹായത്തിനും മറ്റുമായി ചെലവ് ചെയ്ത 81,907/-രൂപയുടെ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തടസ്സപ്പെട്ടുത്തുന്നു. | 3. വൗച്ചറുകൾ ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലായെന്നാണ് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം. പഞ്ചായത്ത് ഓഫീസിലെ ഐ എസ് ഓ റിക്കോർഡ് റൂമിലും,ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്ന ഷെൽഫുകളും തിരച്ചിൽ നടത്തിയിട്ടും രേഖകളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും പഞ്ചായത്തിലെ ജനപ്രതിനിധികളോടും മുൻജനപ്രതിനിധികളോടും നേരിട്ടും നടത്തിയ അന്വേഷണത്തിൽ നിന്നും ജെ.ആ.വൈ അക്കൗണ്ടിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു. |
| | | **4. മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്- ( 2.12 ) - 2001-02**<br><u>JRY ACCOUNT</u> | 4. ഓഡിറ്റിൽ പരാമർശിക്കുന്ന ഇരുപതുവർഷം മുമ്പുള്ള ഫയലുകളും രേഖകളും തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും തുടർന്ന് നടത്തിയ പരിശോധനയിൽ 16.05.2014 തീയതിയിൽ നടന്ന |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006–07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | വൗച്ചറുകൾ ഹജരാക്കാത്തത് –ചെലവ് തടസപ്പെടുത്തുന്നത്<br>വവാക്കനോലി – പാറെക്കടവ് റോഡ് 2,43,000/- രൂപ<br>2. ആയുർവേദ ആശുപത്രി വെയിറ്റിംഗ് ഷെഡ് 9,000/- രൂപ<br>3. പാറത്തോട് കലുങ്ക് നിർമ്മാണം 31,500/- രൂപ<br>4. കിഴുവായ്പ്പൂര് -പൌവ്വത്തിപ്പടി റോഡ് ടാറിംങ്ങ് 31,500/- രൂപ | മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ഒരു സാധാരണ യോഗത്തിന്റെ 4(5) നമ്പർ തീരുമാന പ്രകാരം വൗച്ചറുകളും രേഖകളും ഹാജരാക്കാത്തതിനാൽ തടസ്സപ്പെടുത്തിയത് ടി കാലയളവിലെ പഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ടുപോയിട്ടുള്ളതിനാലും ഇരുപത് വർഷത്തിനും ശേഷം രേഖകൾ ഹാജരാക്കുന്നത് പ്രായോഗികമല്ലാത്തതിനാലും തടസ്സം ഒഴിവാക്കിത്തരുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചുകൊണ്ട് 02.06.2014 ൽ ലോക്കൽ ഫണ്ട് അധികൃതർക്ക് മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ എ- 1613/08 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ളതാണെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത രേഖകൾ നിലവിൽ ആഫീസിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി പഞ്ചായത്ത് ആഫീസിലെ റെക്കോർഡ് റൂം 22.10.2021 ന് 6/21 നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാർ ഓഫീസും അനുബന്ധ പ്രദേശങ്ങളും പരിശോധിച്ചുവെങ്കിലും ഫയലുകൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ലെന്നും |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | തുടർന്ന് ടി പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുള്ളതാണോ എന്ന് സ്ഥിരീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെഡ് ക്ലർക്ക്, ഓഡിറ്റ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലർക്ക് എന്നിവർ സംയുക്തമായി 03.11.2021 ന് സ്ഥല പരിശോധന നടത്തുകയും സമീപവാസികളോട് അന്വേഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ട പ്രവടെ ചേർക്കുന്ന വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്:-<br><br>**<u>വാക്കനോലി -പാറക്കടവ് റോഡ്</u>**<br><br>ടി പ്രവൃത്തിയുടെ നിർവ്വഹണ സ്ഥലത്ത് പോയി പരിശോധിച്ചതിൽ റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കിയതായി ബോദ്ധ്യപ്പെട്ടു.<br><br>**<u>ആയുർവേദ ആശുപത്രി വെയിറ്റിംഗ് ഷെഡ്</u>**<br><br>ആയുർവേദ ആശുപത്രിയോട് ചേർന്നുള്ള വെയിറ്റിംഗ് റൂമിൽ ടി പരാമർശ തുക വിനിയോഗിച്ച് അറ്റകുറ്റപണി നടത്തിയിട്ടുള്ളതായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമഗ്രത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | വെയിറ്റിംഗ് റൂം നിലവിൽ പ്രവർത്തന ക്ഷമവുമാണ്.<br><br>**പാറത്തോട് കലുങ്ക് നിർമ്മാണം**<br><br>ടി പ്രവൃത്തിയുടെ നിർവ്വഹണ സ്ഥലത്ത് പരിശോധിച്ചതിൽ പാലത്തിന് ഇരുവശവും കലുങ്ക് നിർമ്മിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു.<br><br>**കിഴ് വായ്പൂര് – പൗവ്വത്തിൽപടി റോഡ് ടാറിംഗ്**<br><br>ടി പ്രവൃത്തിയുടെ നിർവ്വഹണ സ്ഥലത്ത് നേരിട്ട് പരിശോധിച്ചതിൽ ടി ടാറിംഗ് മെയിന്റനൻസ് നടന്നിട്ടുള്ളതായും നിലവിൽ റോഡ് സഞ്ചാരയോഗ്യമാണെന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br><br>മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ 08.11.2021 തീയതിയിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയ്ക്കു മരാമത്ത് പ്രവൃത്തികൾ നടന്നിട്ടുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും ഫയലുകളും രേഖകളും കൈകാര്യം ചെയ്യുന്നതിലും ജീവനക്കാർക്ക് കൃത്യമായി ജോലി വിഭജനരേഖ നൽകുന്നതിലും സ്ഥലം മാറിപ്പോകുന്ന ജീവനക്കാർ |

| | | | |
|---|---|---|---|
| | | | വിട്ടതൽ ചെയ്യുമ്പോൾ ഫയലുകളും, രേഖകളും രേഖാമൂലം കൈമാറാത്തതുമൂലമാണ് ഇത്തരത്തിൽ വീഴ്ച വന്നതെന്നും കമ്മിറ്റി വിലയിരുത്തുകയും മറ്റ് സാമ്പത്തിക ക്രമക്കേടുകളോ, പരാതികളോ ഇതുമായി ബന്ധപ്പെട്ട് നിലവിൽ ഇല്ലാത്തതാണെന്നും കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കി നൽകുന്നതിന് 08.11.2021 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ പ്രകാരം തീരുമാനമെടുത്ത് ബഹു. ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിക്കുന്നു. |
| | | **5. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് - ( 2.3) -2001-02**<br><br>കുടിശ്ശിക ക്ഷാമബത്ത- പി.എഫിൽ അടച്ചത് ചെല്ലാൻ ഹാജരാക്കിയിട്ടില്ല. 59,015/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br><br>വൗച്ചർ നമ്പർ 19/11-02 ചെക്ക് നമ്പർ 488765/28.11.2002 പ്രകാരം 60,420/-രൂപ സെക്രട്ടറിയുടെ ക്ഷാമബത്ത കുടിശ്ശിക ക്യാഷ് ആയി 1,405/-രൂപ കഴിച്ച് ബാക്കി | 5.കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 13.06.2014 ലെ LF PTA/P1/249/(24)/14 നമ്പർ കത്ത് പ്രകാരം ടി ആഡിറ്റ് ഖണ്ഡികയിന്മേലുള്ള ആഡിറ്റ് പരാമർശ വിഷയം ഒഴിവാക്കിയിട്ടുണ്ട്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | തുകയായ 50,015/- രൂപ പി.എഫ് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ ഒറിജനൽ ചെല്ലാൻ ഓഡിറ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. കടിശ്ശിക തുകയുടെ സ്റ്റേറ്റ്മെന്റ് ചെല്ലാന്റെ കൗണ്ടർ ഫോയിൽ എന്നിവ മാത്രം വൗച്ചറിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ചെലവ് തുക 59,015/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| | | **6. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്** - ( 2.5) -2001-02<br><br>2-5 വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 19,801/- രൂപ തടസ്സപ്പെടുത്തുന്നു.<br><br>ചെലവ് രജിസ്റ്റർ പ്രകാരം 2002-03 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത വൗച്ചറുകളുടെ നമ്പർ തുക എന്നിവ രേഖപ്പെടുത്തുന്നതായി കാണുന്നു. എന്നാൽ വൗച്ചറുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് ചെയ്ത തുകകൾ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് ലഭ്യമായി 60 ദിവസത്തിനുള്ളിൽ തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്ത പക്ഷം ചെലവ് ചെയ്ത തുകയുടെ വൗച്ചർ, | 6. ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ള തുക 4,900/-രൂപ ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട ഉന്നതവിജയം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് ഇനത്തിൽ നൽകിയിട്ടുള്ളതാണെന്നും ആയത് യഥാവിധി താഴേക്കിടയിലുള്ള കുട്ടികളുടെ തുടർപഠനത്തിന് പ്രോത്സാഹനം എന്ന നിലയിൽ അർഹരായവർക്കുമാത്രമാണ് നൽകിയിട്ടുള്ളതാണെന്നും 25.10.2021 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിക്കുന്നു. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ള 14,901/-രൂപ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | സർക്കുലർ നമ്പർ 235/97/ത.സ്വ.ഭ വകുപ്പ് 12.10.1997 ലെ ഖണ്ഡിക 12(2) ൽ പ്രതിപാദിച്ചിട്ടുള്ളതനുസരിച്ച് നിലവിൽ ഇല്ല എന്ന നിഗമനത്തിൽ എത്തുന്നതും ചെലവ് തുക നിരാകരിക്കുന്നതും സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതുമാണ്. | ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2002 ഏപ്രിൽ മാസം ഒടുക്കവരുത്തിയിട്ടുള്ളതായും കെ.എസ്.ഇ.ബി യിൽ നിന്നും 11.11.2021 ൽ 31.10.2021 വരെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെയില്ലായെന്ന് സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമാണ്.<br><br>ടി ഓഡിറ്റ് പരാമർശത്തിലുള്ള 19,801/-രൂപ രൂപയുടെ തനതുഫണ്ട് ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകളും, ഫയലുകളും 18 വർഷത്തിലധികം കാലപ്പഴക്കമുള്ളതാണ്. കൂടാതെ ഒന്നിലധികം തവണ ആഫീസ് ഷിഫ്റ്റിംഗ് നടന്ന സാഹചര്യത്തിൽ, നിരവധി തവണ പരിശോധന നടത്തിയിട്ടും 19,801/- രൂപയുടെ വൗച്ചറുകളും ഫയലുകളും കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br><br>ടി സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കി നല്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോടഭ്യർത്ഥിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | 7. മെഴുവേലി ഗ്രാമപഞ്ചായത്ത് - ( 2.10) 2002- 03<br><br>പ്ലാൻ ഫണ്ട് മരാമത്ത് പ്രവൃത്തികൾക്ക് ചെലവായ തുക - വൗച്ചർ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. 29.08.2002 ലെ 882376-ാം നമ്പർ ചെക്ക് പ്രകാരം 33,191/- രൂപ ശ്രീ പി. ആർ രവി എന്നയാളിന് നൽകിയിട്ടുണ്ട്. ക്യാഷ് ബുക്ക്, ചെക്ക് ബുക്ക് എന്നിവ പ്രകാരം ഈ തുക വാഴയിൽപ്പടി പുതുശ്ശേരി റോഡിൽ കലുങ്ക് നിർമ്മാണം എന്ന പ്രവർത്തിയുടെ ഫൈനൽ ബിൽ കൺവീനർക്ക് നൽകിയതാണ്. എന്നാൽ ബന്ധപ്പെട്ട വൗച്ചർ ഹാജരാക്കാത്തതിനാൽ 33,191/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഇത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 7. ഓഡിറ്റ് തടസ്സത്തിന് കാരണമായ വൗച്ചറും അനുബന്ധ രേഖകളും കണ്ടെത്തുന്നതിന് വേണ്ടി മെഴുവേലി ഗ്രാമപഞ്ചായത്തിൽ തിരച്ചിൽ നടത്തിയെങ്കിലും രേഖകൾ കണ്ടെത്തുന്നതിന് സാധിച്ചില്ലെന്നാണ് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിരിക്കുന്നത്. ആഫീസ് നവീകരണത്തിന്റെ ഭാഗമായി പഴയ രേഖകൾ മാറ്റിയതിന്റെ ഭാഗമായി രേഖകൾ നഷ്ടപ്പെട്ടിട്ടുള്ളതെന്നും. വാഴയിൽ പടി - പുതുശ്ശേരി റോഡ്, പള്ളികിഴക്കേതിൽ നെടുംകുന്ന് പുതുശ്ശേരി റോഡ് ഇവ സംഗമിക്കുന്ന പുതുശ്ശേരി ജംഗ്ഷനിൽ 50,000/-രൂപ ചെലവഴിച്ച് കലുങ്ക് നിർമ്മിച്ചിട്ടുള്ളതായ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും. ടി പ്രവർത്തിയുടെ ധനസ്രോതസിന് തുല്യമായി ആസ്തി സൃഷ്ടിച്ച് ഭൗതികലക്ഷ്യം കൈവരിച്ചിട്ടുള്ളതായി ഫീൽഡ്തല പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും, ടി കലുങ്ക് നിലവിൽ ഉപയോഗിച്ചുവരുന്നതിനാലും ടി പരാമർശം ഒഴിവാക്കി നൽകണമെന്ന് മെഴുവേലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.10.2021 തീയതിയിൽ കൂടിയ സാധാരണ യോഗത്തിൽ 15(3)-ാം നമ്പർ പ്രകാരം തീരുമാനമെടുത്ത് ബഹു. സംസ്ഥാന ഓഡിറ്റ് |

<u>സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക</u>

| | | | |
|---|---|---|---|
| | | | വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. |
| | | 8. കവിയൂർ ഗ്രാമ പഞ്ചായത്ത് ( 3.14 ) - 2002-03<br><br>സമഗ്ര കലാ സാംസ്കാരിക പരിപാടി സംഘടിപ്പിച്ചതിന്റെ വൗച്ചറുകൾ അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ 39,114/ രൂപ ഓഡിറ്റിൽ തടസ്സപ്പെട്ടുത്തുന്നു | 8. കവിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 3.18.1 ഉൾപ്പെട്ടിട്ടുള്ള സമഗ്രകലാ സാംസ്കാരിക പരിപാടി എന്ന പദ്ധതി ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുകയും ആയത് പഞ്ചായത്തിന്റെ കലാ സാംസ്കാരിക രംഗത്ത് വളരെയധികം പ്രയോജനപ്പെടുന്ന ഒന്നായിരുന്നു എന്ന് ഫീൽഡ്തല അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതും മേൽ പരിപാടി നടത്തിയതുമൂലം സർക്കാരിനോ പഞ്ചായത്തിനോ ധനനഷ്ടം സംഭവിച്ചിട്ടില്ലാത്തതുമാണ് എന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയും, 19 വർഷത്തോളം പഴക്കമുള്ള ടി പ്രോജക്ടിന്റെ വൗച്ചറുകൾ രജിസ്റ്ററുകൾ അനുബന്ധ രേഖകൾ എന്നിവ നിലവിൽ കണ്ടെത്താൻ സാധിക്കാത്തതിനാലും പ്രസ്തുത പരാമർശം ഒഴിവാക്കി നൽകുന്നതിന് 08.10.2021 ൽ കൂടിയ കവിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 5(15)-ാം നമ്പർ പ്രകാരം തീരുമാനമെടുത്ത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ച് |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| . | | 9. നിരണം ഗ്രാമപഞ്ചായത്ത് ( 3.1 ) -2003-04<br><br>നെല്ലുല്പാദന ബോണസ് പാടശേഖര സമിതി കൺവീനർക്ക് നൽകിയതിന്റെ വൗച്ചറുകൾ ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. | 9. ടി ഓഡിറ്റ് പരാമർശത്തിൻമേൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നൽകിയ മറുപടിയിൽ 2018 ലെ മഹാപ്രളയത്തിൽ കൃഷി ഓഫീസിലെ രേഖകൾ എല്ലാം തന്നെ നഷ്ടപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാൽ രേഖകൾ ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യം ആണെന്നും 2003-04 വർഷം പഞ്ചായത്തിലെ വിവിധ പാടശേഖര സമിതി കൺവീനർമാർക്ക് നെല്ലുല്പാദന ബോണസ് ഇനത്തിൽ വിതരണം ചെയ്ത 2,37,730/-രൂപ പാടശേഖര സമിതികൾക്ക് ലഭിച്ചിട്ടുണ്ടെന്നും ആ ഇനത്തിൽ പഞ്ചായത്തിൽ നിന്നും തുകയൊന്നും ലഭിക്കാൻ ബാക്കിയില്ലെന്ന് കൺവീനർമാർ അറിയിച്ചിട്ടുള്ളതായും ഇതുമായി നടത്തിയ ഫീൽഡ്തല അന്വേഷണത്തിലും പരിശോധനയിലും ബോദ്ധ്യപ്പെട്ടതായി കൃഷി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ നിരണം |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഓഡിറ്റ് വകുപ്പിനോട് പരാമർശം ഒഴിവാക്കി നല്കണമെന്ന് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | **10.നിരണം ഗ്രാമപഞ്ചായത്ത്** ( 3.6) -2003-04 | 10. പത്തനംതിട്ട ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നത് സംബന്ധിച്ച ഓഡിറ്റ് അദാലത്തിൽ രേഖകൾ ഹാജരാക്കുകയും തുടർന്ന് എൽ.എഫ്.പി.റ്റി.എ-പി4/445/05 തീയതി 31.05.2006/07.08.2006 പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | **11. റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത്** ( 2.8) 2000-2001<br><br>ബി ഫണ്ട് ചെലവുകൾ ഹാജരാക്കിയിട്ടില്ല. തുക 5,98,725/- | 11) നിലവിൽ ഓഫീസിൽ പരിശോധന നടത്തിയപ്പോൾ ടി പരാമർശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൗച്ചറുകൾ കണ്ടെത്തുകയും ആയത് റിപ്പോർട്ട് സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു. നിയമസഭാസമിതിയോട് ബോധിപ്പിച്ചുകൊള്ളുന്നു. |
| | | **12. റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത്** ( 2.9) 2001-2002 | 12) നിലവിൽ ഓഫീസിൽ പരിശോധന നടത്തിയപ്പോൾ |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | ബി ഫണ്ട് ചെലവുകൾ തുക 7,44,055/- | ടി പരാമർശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൗച്ചറുകൾ കണ്ടെത്തുകയും ആയത് റിപ്പോർട്ട് സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു. നിയമസഭാസമിതിയോട് ബോധിപ്പിച്ചുകൊള്ളുന്നു. |
| | | 13. റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് ( 2.10) 2001-2002<br><br>ജെ.ജി.എസ്.വൈ ഫണ്ടിൽ നിന്നുള്ള ചെലവുകൾ തുക 99,244/- | 13) ടി രേഖകൾ പഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തിയതിൽ നാളിതു വരെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ലെന്നും ടി കാലയളവിൽ (2001-2002) പഞ്ചായത്താഫീസായി പ്രവർത്തിച്ചിരുന്ന കെട്ടിട കാലപ്പഴക്കം മൂലം ജീർണ്ണിച്ച അവസ്ഥയിൽ ആയിരുന്നതിനാൽ മഴക്കാലങ്ങളിൽ വെള്ളം വീണ് വളരെയധികം ഫയലുകളും രേഖകളും നശിച്ചു പോയതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതായും ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. എ. കെ.സുകുമാരൻ, ടിയാൻ മരണപ്പെടുകയും ചെയ്തു. ആകയാൽ ടി തുക ചെലവഴിച്ചത് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാകുന്നു. ടി തുക ചെലവഴിച്ചത് പഞ്ചായത്തിന്റെ ജെ.ജി.എസ്.വൈ പദ്ധതിയുടെ ആവശ്യത്തിനാണെന്ന് ഭരണസമിതിക്ക് ഉത്തമബോധ്യമുള്ളതിനാലും , ടി തുക നിയമാനുസൃത ചെലവിന് ആയതിനാലും സർക്കാരിനോ, റാന്നി |

| | | | |
|---|---|---|---|
| | | | പെരുനാട് ഗ്രാമപഞ്ചായത്തിനോ സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലാത്തതുമാകയാൽ ടി തുക നിയമാനുസൃത ചെലവായി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | **14. നാറാണംമൂഴി ഗ്രാമ പഞ്ചായത്ത് ( 2.9 ) 2001-02**<br><br>ബി ഫണ്ട് ചെലവുകൾ സംബന്ധിച്ച വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 14. നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ 2001-02 വർഷത്തിൽ ബി ഫണ്ട് ഇനത്തിൽ 8,24,450/-രൂപ ചെലവഴിച്ചിരുന്നു. ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് ഓഫീസിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ ഏറെയും സർവ്വീസിൽ നിന്നും വിരമിച്ചുപോയിട്ടുള്ളതോ മരണപ്പെട്ട് പോയിട്ടുള്ളവരോ ആയതിനാൽ ഇനിയൊരു വിശദീകരണം ലഭ്യമാക്കുക പ്രയാസകരമാണെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ബി ഫണ്ട് ഇനത്തിൽ 2001-2002 വർഷം ചെലവഴിച്ച തുക 8,24,450/-രൂപ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി കാണുന്നില്ലായെന്നും ആയതിനാൽ ടി പരാമർശം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കി നൽകണമെന്നും നാറാണംമൂഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.05.2014 ലെ 4(2), 10.11.2021 ലെ 2(1) എന്നിവ പ്രകാരം തീരുമാനമെടുത്ത് പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന് മുൻപാകെ അപേക്ഷിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | 15. റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത് ( 2.24 ) 2001-02<br><br>തനത് ഫണ്ട് ചെലവ് - വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത്- ചെലവ് തടസ്സപ്പെടുത്തുന്നു.താഴെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള ചെലവുകളുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല :-<br><br>1) ജോൺ തോമസ്, ചെക്ക് നമ്പർ 281591, 27/10/2001 -തുക 30000/- രൂപ<br><br>2) ജോൺ എബ്രഹാം, ചെക്ക് നമ്പർ 559404, 30/03/200 -തുക 127179/- രൂപ | 15) തൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 3,06,785/ രൂപ നൽകിയ ആളുടെ പേര് മാത്രമാണ് കാണാൻ കഴിഞ്ഞിട്ടുള്ളതെന്നും 21/01/2001 മുതൽ 31/03/2002 വരെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ മാത്യു ജോസഫ് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 21 വർഷങ്ങൾക്ക് മുമ്പ് നടന്നിട്ടുള്ള ഈ ചെലവുകൾ സംബന്ധിച്ച രേഖകൾ കണ്ടെത്തുന്നതിന് കഴിയാത്തതിനാലും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ബാധ്യതപ്പെട്ട ആളിൽ നിന്നും തുക ഈടാക്കുക എന്നത് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകും എന്നതിനാലും നിലവിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് 08.11.2021 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 1(3)-ാം നമ്പർ പ്രകാരം |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | 3) ജോൺ എബ്രഹാം, ചെക്ക് നമ്പർ 559405, 30/03/2002 -തുക 149616/- രൂപ .<br><br>വൗച്ചറുകളുടെ അഭാവത്തിൽ ഈ ആകെ (3,06,785/- രൂപ) തുകകൾ എന്തിനു വേണ്ടിയാണ് നൽകിയതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. കാഷ് ബുക്ക്, ചെക്കുകളുടെ കൗണ്ടർ ഫോയിലുകൾ എന്നിവയിൽ തുക നൽകിയ ആളിന്റെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വൗച്ചറുകളുടെ അഭാവത്തിൽ 3,06,785/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | തീരുമാനമെടുത്ത് ബഹു. ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | 16. ചിറ്റാർ ഗ്രാമപഞ്ചായത്ത് ( 16 ) 2001-02<br><br>ലഭ്യമാക്കാത്ത വൗച്ചറുകളും ഫയലുകളും -8 മരാമത്ത് വേലകളുടെ പദ്ധതികൾ, ഫയലുകൾ, അളവ് പുസ്തകങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി ഇനത്തിലെ ചെലവുകളുടെ | 16) പഞ്ചായത്ത് ഓഫീസിലും ഓഫീസിലെ ഐ എസ് ഒ റിക്കോർഡ് റൂമിലും, തിരച്ചിൽ നടത്തിയിട്ടും രേഖകളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന വർക്കുകൾ നടന്ന സ്ഥലങ്ങൾ നേരിട്ട് പരിശോധന നടത്തിയതിൻെറ അടിസ്ഥാനത്തിലും ചുവടെ ചേർക്കുന്ന റിപ്പോർട്ടാണ് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ നല്കിയിട്ടുള്ളത് :- |

| | | | |
|---|---|---|---|
| | | ആകെ തുകയായ 3,79,686/-രൂപ ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുന്നു. | 1) ആനപ്പാറ നടപ്പാത - 28899 രൂപ/- സാം ബേബി<br>ആനപ്പാറ നടപ്പാത നേരിട്ട സന്ദർശിച്ചതിൽ നിന്നും ടി നടപ്പാത ഇപ്പോഴും നിലനിൽക്കുന്നതായും, ജനങ്ങൾക്ക് ഉപയോഗപ്രദവുമാണെന്ന് ബോധ്യപ്പെട്ടു. സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>2) പുലയൻപാറ മാമ്പിലാക്കൽ പടി റോഡ് -65730/- രൂപ -പ്രസാദ് തോമസ്<br>പുലയൻപാറ- മാമ്പിലാക്കൽ റോഡ് നേരിട്ട പരിശോധിച്ചതിൽ നിന്നും പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാണ്. കൂടാതെ പിന്നീടുള്ള വർഷങ്ങളിലും ടി റോഡിൽ നവീകരണ പ്രവർത്തികൾ നടന്നിട്ടുണ്ട്. സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>3) നീലിപിലാവ് എ.പി സ്കൂൾ സാനിട്ടേഷൻ -7294/- രൂപ- ബി. ആർ വിനോദ്<br>നീലിപിലാവ് എ.പി സ്കൂൾ നേരിട്ട് പരിശോധിച്ചതിൽ നിന്നും 2001-02 വർഷത്തിൽ ടി സ്കൂളിൽ ഒരു ടോയ്ലറ്റ് നിർമ്മിച്ചതായി ബോധ്യപ്പെട്ടു. പിന്നീട് ഈ ടോയ്ലറ്റിന് നവീകരണ പ്രവ്ത്തനങ്ങളും ചെയ്തിട്ടുള്ളതാണ്. പഞ്ചായത്തിനും ബഹു. സർക്കാരിനും സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | | പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br><br>4) പെരുതോട്ടിൽ പടി മൺപിലാവ് റോഡ് -65259/- രൂപ- പി. ആർ പ്രകാശ്<br>പെരുതോട്ടിൽ പടി മൺപിലാവ് റോഡ് നേരിട്ട് പരിശോധിച്ചതിൽ നിന്നും പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാണ്. കൂടാതെ പിന്നീടുള്ള വർഷങ്ങളിലും ടി റോഡിൽ നവീകരണ പ്രവർത്തികൾ നടന്നിട്ടുണ്ട്. സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>5) കൊട്ടുമുടി കോന്നി റോഡ് -16034/-രൂപ- അയ്യപ്പൻ<br>കൊട്ടുമുടി കോന്നി റോഡ് നേരിട്ട് പരിശോധിച്ചതിൽ നിന്നും പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാണ്. കൂടാതെ പിന്നീടുള്ള വർഷങ്ങളിലും ടി റോഡിൽ നവീകരണ പ്രവർത്തികൾ നടന്നിട്ടുണ്ട്. സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>6) പടയനിപ്പാറ കൊട്ടുമുടി റോഡ് - 65546/-രൂപ- ടി.വി ഭാസ്കരൻ<br>പടയനിപ്പാറ കൊട്ടുമുടി റോഡ് നേരിട്ട് പരിശോധിച്ചതിൽ നിന്നും പ്രസ്തുത റോഡ് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | സഞ്ചാരയോഗ്യമാണ്. കൂടാതെ പിന്നീടുള്ള വർഷങ്ങളിലും ടി റോഡിൽ നവീകരണ പ്രവർത്തികൾ നടന്നിട്ടുണ്ട്. സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>7) വയ്യാറ്റുപുഴ - കൊച്ചുകളങ്ങരവാലി റോഡ് - 25000/- രൂപ -ഡി . സുരേന്ദ്രൻ<br>വയ്യാറ്റുപുഴ - കൊച്ചുകളങ്ങരവാലി റോഡ് നേരിട്ട് പരിശോധിച്ചതിൽ പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാണ്. കൂടാതെ പിന്നീടുള്ള വർഷങ്ങളിലും ടി റോഡിൽ നവീകരണ പ്രവർത്തികൾ നടന്നിട്ടുണ്ട്. സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>8) അഞ്ചുമുക്ക് റോഡ് ടാറിംഗ് - 105924/-രൂപ - പി.ജോസഫ്<br>അഞ്ചുമുക്ക് റോഡ് നേരിട്ട് പരിശോധിച്ചതിൽ നിന്നും പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാണ്. കൂടാതെ പിന്നീടുള്ള വർഷങ്ങളിലും ടി റോഡിൽ നവീകരണ പ്രവർത്തികൾ നടന്നിട്ടുണ്ട്. സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | | |
| | | 17.അയിരൂർ ഗ്രാമപഞ്ചായത്ത് ( 2.4)<br><br>ജനറൽ പി. ഡി അക്കൗണ്ടിൽ നിന്നുള്ള ചെലവ് 15,500/-<br>രൂപ തനത് ഫണ്ട് ചെലവ് 19,405/- | 17. ടി വിഷയവുമായി ബന്ധപ്പെട്ട വൗച്ചറുകൾ, ഫയലുകൾ മറ്റ് അനുബന്ധരേഖകൾ എല്ലാംതന്നെ 2018 ലെ മഹാപ്രളയത്തിൽ നഷ്ടപ്പെട്ട് പോയിട്ടുള്ളതാണ്. ടി ഓഡിറ്റ് പരാമർശം 06.10.2021 ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ടി ചെലവുകൾ മൂലം പഞ്ചായത്തിന് യാതൊരുവിധമായ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലായെന്ന പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കി നൽകണമെന്ന് അയിരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.10.2021 തിയതിയിൽ കൂടിയ സാധാരണ യോഗത്തിൽ 9(1)- ാം നമ്പർ തീരുമാന പ്രകാരം അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br>ജനറൽ പി.ഡി യിൽ നിന്നുള്ള ചെലവ് തുക 15,500/-, വെറ്റിനറി ഹോസ്പിറ്റലിന്റെ വാടക, കറന്റ് ചാർജ് എന്നി ഇനങ്ങളിൽ പിൻവലിച്ച് അടവാക്കിയിട്ടുള്ളതും ഈ ഇനത്തിൽ തുകയൊന്നും കുടിശിക ഇല്ലെന്ന് ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളതുമാണ്.<br>തനത് ഫണ്ട് ചെലവ് 19405/-രൂപയിൽ പരാമർശിക്കുന്ന എല്ലാ ചെലവുകളും പഞ്ചായത്തിനുവേണ്ടി സദുദ്ദേശത്തോടെ പ്രോജക്റ്റ് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | നിർവ്വഹണത്തിനുവേണ്ടിയും ഭാവി ബാധ്യതകൾ വരാതെയും അഡ്വാൻസ് ക്രമപ്പെടുത്തിയും ക്രമീകരിച്ചിട്ടുള്ളതാണ്. 2018 ലെ പ്രളയത്തിൽ പഞ്ചായത്തിലെ ഭൂരിപക്ഷം ഔദ്യോഗിക രേഖകളും നഷ്ടപ്പെട്ടിട്ടുള്ളതുമാണ്. അയിരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.11.2021 ലെ 6(1), 6(2) തീരുമാന പ്രകാരം പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഭരണസമിതി ഓഡിറ്റ് വകുപ്പിനോട് അപേക്ഷിച്ചിട്ടുള്ളതായി സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | **18.റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ( 2.14 ) 2000-2001 – ഫണ്ട് ചെലവ് - വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം** – റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ 10-ാം ക്ലാസ്സ് പാസ്സായ 37 പെൺകുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി എ ഐ റ്റി സി സർട്ടിഫിക്കറ്റുകൾ നൽകി ജോലി സാധ്യത ഉണ്ടാക്കാനുള്ള പദ്ധതിയാണ്. ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കഴിഞ്ഞാലുടൻ നിർവ്വഹണ ഉദ്യോഗസ്ഥൻ എ ഐ സി റ്റി ഇ അംഗീകാരമുള്ള കമ്പ്യൂട്ടർ സ്ഥാപനത്തിന്റെ പ്രിൻസിപ്പാളുമായി എഗ്രിമെൻറ് വെച്ച് 37 പെൺകുട്ടികളെ | 18. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ 2000-01 ലെ ഓഡിറ്റ് പരാമർശം 2-14 എന്നത് പദ്ധതിയുടെ വിനിയോഗം സംബന്ധിച്ചുള്ളതാണ്. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ 10-ാം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് ഇത് പരാമർശത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കഴിഞ്ഞ് നിർവ്വഹണ ഉദ്യോഗസ്ഥൻ എ ഐ സി റ്റി ഇ അംഗീകാരമുള്ള കമ്പ്യൂട്ടർ സ്ഥാപനവുമായി എഗ്രിമെന്റ് വെച്ച് സ്ഥാപനത്തിൽ കുട്ടികളെ ചേർത്ത് 3 മാസം പഠിപ്പിക്കുക എന്നതാണ് പദ്ധതിയുടെ നടപടി ക്രമം . ഈ നടപടി ക്രമം പാലിച്ചിട്ടില്ല എന്നും ഏറ്റവും കുറഞ്ഞ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | സ്ഥാപനത്തിൽ ചേർത്ത് പഠിപ്പിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്ന കോഴ്സിന് 3 മാസത്തെ ദൈർഘ്യം ഉണ്ടായിരിക്കും. പ്രോജക്ടിന് 22/05/2000 ലെ റ്റി എസ് പി എ ഇഡി /14/2000-01 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് പരിശോധനയ്ക്ക് ലഭ്യമായത്. ധനകാര്യ വിശകലനം ഇപ്രകാരമാണ്. 2,700/രൂപ നിരക്കിൽ 37 കുട്ടിക്ക് 99,900/-നോട്ടീസ് 100/- ആകെ-1,00,000/-<br><br>പ്രവർത്തന കലണ്ടർ അനുസരിച്ച് 2000 ജൂലൈ മാസത്തിൽ പത്രപരസ്യം നൽകി കുട്ടികളെ തെരഞ്ഞെടുത്തു ആഗസ്റ്റിൽ സ്ഥാപനത്തിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ക്ലാസ്സ് നടത്തുന്നു. ക്ലാസ്സിന്റെ പുരോഗതി, പരീക്ഷ ഫലം എന്നിവ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കുന്നു. പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന രീതിയിൽ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. പത്രപരസ്യം | ക്വട്ടേഷൻ നൽകിയ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടില്ല എന്നുമാണ് ഓഡിറ്റ് പരാമർശം.<br>ഗ്രാമപഞ്ചായത്ത് എസ് എസ് എൽ സി പാസ്സായ പെൺകുട്ടികൾക്ക് ജോലി സാധ്യത ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രോജക്ടിന് അംഗീകാരവും ലഭിച്ചിരുന്നതാണ്. ജനകീയ വികസന പരിപാടിയുടെ ആദ്യ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണിത്. ഓഡിറ്റ് പരാമർശത്തിൽ തന്നെ 44 കുട്ടികളുടെ അറ്റൻഡൻസ് വൗച്ചറിനൊപ്പം ഹാജരാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള സ്ഥാപനത്തെ പരിഗണിക്കാതെ വന്നത് ഗുണനിലവാരമുള്ള സ്ഥാപനത്തെ കണ്ടെത്തി നൽകുക എന്ന നല്ല ഉദ്ദേശ്യത്തോടെ പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടുള്ള തീരുമാനമാണ്. പദ്ധതി ലക്ഷ്യം കണ്ടിട്ടില്ല എന്നോ, ടി പ്രോജക്ട് പ്രകാരം മൈക്രോ പോയിന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ ടെക്നോളജി എന്ന സ്ഥാപനത്തിന് നൽകിയിട്ടില്ല എന്നോ ഓഡിറ്റിൽ പരാമർശം ഇല്ല. ടി കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയിട്ടുള്ളതായും ഓഡിറ്റിൽ രേഖപ്പെടുത്തൽ ഉള്ളതാണ്. പദ്ധതിയിൽ വിവക്ഷിച്ചിരുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. ജനോപകാരപ്രദമായ പ്രസ്തുത പ്രോജക്ടിന്റെ ഗുണഫലങ്ങൾ |

| | | | |
|---|---|---|---|
| | | നടത്തികുട്ടികളെ തെരഞ്ഞെടുക്കുകയോ , പരിശീലനം നൽകുന്ന സ്ഥാപനവുമായി എഗ്രിമെൻറ് വെയ്ക്കുകയോ ചെയ്തിട്ടില്ല. കൂടാതെ കുറഞ്ഞ ക്വട്ടേഷൻ നൽകിയ സ്ഥാപനത്തെ പരിശീലനത്തിന് തെരഞ്ഞെടുത്തില്ല- 44 കുട്ടികളുടെ ഹാജർ പട്ടികയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഇതോടൊപ്പം വെച്ചിട്ടുണ്ട് 31/03/2001 ലെ 68637 നമ്പർ ചെക്ക് പ്രകാരം 1 ലക്ഷം രൂപ മാനേജിംഗ് ഡയറക്ടർ മൈക്രോ പോയിൻറ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ ടെക്നോളജി ക്ക നൽകിയിട്ടുണ്ട് തുക കൈപ്പറ്റിയതായി എം ഡിയുടെ ഒരു രസീത് ഇതോടൊപ്പം വെച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പേരിലുള്ള ഔദ്യോഗിക രസീതു പോലും ഇതോടൊപ്പം വെച്ചിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പദ്ധതിയിൽ പറയുന്ന പ്രകാരം യാതൊരു പ്രവർത്തനവും നടത്തിയതായി കാണുന്നില്ല. ക്വട്ടേഷൻ നൽകിയ സ്ഥാപനങ്ങൾ ഒഴിവാക്കി മൈക്രോ പോയിന്റെ സ്ഥാപനത്തെ അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന | ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളതും നിലവിൽ പ്രയോജനം ലഭിച്ചിട്ടുള്ളതുമാണെന്ന് 08.11.2021 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ടി കമ്മിറ്റിയിൽ 1(1):ാം നമ്പർ പ്രകാരം തീരുമാനമെടുത്ത് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | കാരണങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. കൂടാതെ ഭരണ വകുപ്പിന്റെ സമഗ്രമായ അന്വേഷണം ഓഡിറ്റ് നിർദ്ദേശിക്കുന്നു | |
| | | 19. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ( 2.18) 2000-2001- ജനറൽ പി ഡി ചെലവ്- പദ്ധതി വിഹിതത്തിന്റെ വിനിയോഗം - നടപടി ചട്ടങ്ങൾ പാലിച്ചിട്ടില്ല- സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതിയുടെ ധന വിനിയോഗം ഏറ്റവും അശ്രദ്ധമായിട്ടാണ് നടത്തിയിരിക്കുന്നത്. എല്ലാ പണമിടപാടുകളും രേഖപ്പെടുത്തേണ്ട കാഷ് ബുക്കിൽ പ്രധാനമായും വിതരണം ചെയ്ത ചെക്കുകളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് , നീക്കിയിരുപ്പ് ഇവ ഒന്നും തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് .<br><br>വിതരണം ചെയ്ത ചെക്കുകളുടെ കൂട്ടത്തിൽ പിന്നീട് ക്യാൻസൽ ചെയ്ത ചെക്കുകളും ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും | 19. ക്യാഷ് ബുക്ക് എഴുതിയതിലുള്ള അപാകതകളാണ് ഓഡിറ്റ് പരാമർശത്തിലുള്ളത്. ഓഡിറ്റ് പരാമർശത്തിലുള്ള അപാകതകൾ നിലവിൽ പരിഹരിച്ചിട്ടുള്ളതാണെന്നും 08.11.2021 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. 2002-03 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും നടത്തിയ 12,21,530/-രൂപയുടെ ചെലവുകൾ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്കും ഓഫീസ് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി വിനിയോഗിച്ചിട്ടുള്ളതാണെന്ന് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ഉത്തമ ബോധ്യമായിട്ടുള്ളതാണെന്നും എന്നാൽ ടി വൌച്ചറുകൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ച് പോയതിനാൽ നിലവിൽ ഹാജരാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ടി പരാമർശം ഒഴിവാക്കി നൽകുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 22/10/2021 ലെ |

സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | ചെക്കുകൾ ക്യാൻസൽ ചെയ്തിട്ട് തനത് ഫണ്ട്, ഇംപ്രസ്റ്റ് എന്നിവയിൽ നിന്നും പകരം ചെക്കുകൾ നൽകിയെങ്കിലും പദ്ധതി വിഹിതത്തിൻെറ ചെലവ് നിലനിർത്തിയിരിക്കുകയാണ്.<br><br>പ്ലാൻ പി ഡി അക്കൗണ്ടിലെ ധനസ്ഥിതി കണക്കിലെടുക്കാതെ ചെക്കുകൾ നൽകിയിട്ടുണ്ട്. 31/03/2001 ൽ 30,732/- രൂപ മാത്രം ട്രഷറിയിൽ അവശേഷിക്കുമ്പോൾ ക്യാഷാക്കാത്ത ചെക്കുകൾ 3,85,158/ രൂപയാണ്. ഇതിനെ മറികടക്കാനായി 31/03/2001 ൽ ജി പിഡിയിൽ നിന്നും 2,50,000/ രൂപയുടെ ചെക്ക് നൽകിയെങ്കിലും ആയത് 9/4/2001 ൽ മാത്രമാണ് പ്ലാൻ പി ഡിയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. മാത്രമല്ല ചെക്കുകൾ തിരികെ വാങ്ങി ക്യാൻസൽ ചെയ്യുകയും പകരം തനത് ഫണ്ടിൽ നിന്നും ചെക്കുകൾ നൽകിയതായും പറയുന്നു.<br><br>അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയേക്കാൾ അധികരിച്ച തുകയുള്ള ചെക്കുകൾ നൽകിയത് വ്യക്തമാക്കുന്നത് പദ്ധതി ഫണ്ടിലെ ധന സ്ഥിതിയെക്കുറിച്ച് | 2(3) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006–07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | ഉത്തരവാദിത്തപ്പെട്ട ആരും തന്നെ ബോധവാൻമാർ ആയിരുന്നില്ല എന്നുള്ളതാണ്. അധികം തുകയ്ക്കുള്ള ചെക്കുകൾ നൽകാനിടയായ സാഹചര്യം അന്വേഷണ വിധേയമാക്കേണ്ടതും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. | |
| | | **20. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് ( 3.7) 2002–2003**<br><br>തനതുഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല – ചെലവുകൾ തടസ്സപ്പെടുത്തുന്നു. | 20. ഓഡിറ്റ് റിപ്പോർട്ടുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 3,06,785/- രൂപ നല്കിയ വിശദാംശങ്ങൾ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്നും ഈ കാലയളവിൽ 21.01.2001 മുതൽ 31.03.2002 ൽ ഉണ്ടായിരുന്ന സെക്രട്ടറി ശ്രീ മാത്യു ജോസഫ് സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും 21 വർഷങ്ങൾക്ക മുൻപ് നടന്നിട്ടുള്ള ഈ ചെലവുകൾ സംബന്ധിച്ച രേഖകൾ കണ്ടെത്തുന്നതിന് കഴിയാത്തതിനാലും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ബാധ്യതപ്പെട്ട ആളിൽ നിന്ന് തുക ഈടാക്കുക എന്നത് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് 8.11.2021 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 1(3)ാം പ്രകാരം തീരുമാനമെടുത്ത് ഓഡിറ്റ് |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| | | | |
|---|---|---|---|
| | | | വകുപ്പിനോട് അഭ്യർത്ഥിക്കവാൻ തീരുമാനിച്ചിട്ടുള്ള വിവരവും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | | 21. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് ( 3.9) 2002-2003<br><br>പ്ലാൻ പി ഡി ചെലവ് വൗച്ചറുകളും ഫയലുകളും ഹാജരാക്കിയിട്ടില്ല. | 21. വലിയകലും-കെ.പി.റോഡിന്റെ സംരക്ഷണഭിത്തി നിർമ്മാണത്തിനായി ചെലവഴിച്ച 57,707/-രൂപ ടി പദ്ധതിയുടെ നിർവഹണത്തിനായി പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതും സംരക്ഷണഭിത്തി പൂർണ്ണമായും നിർമ്മിക്കുകയും നിലവിലും ടി റോഡ് സഞ്ചാര യോഗ്യമായി തന്നെ നിലകൊള്ളുന്നതായും പരിശോധനയിൽ ബോധ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന നിർധനരായ യുവതീ യുവാക്കൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുക എന്ന സദുദ്ദേശ്യത്തോടെ 53,000/-രൂപ ചെലവഴിച്ച് നടത്തിയ പദ്ധതിയാണ് കമ്പ്യൂട്ടർ ട്രെയിനിംഗ് എന്നും ടി തുക പൂർണ്ണമായും ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതി പൂർണ്ണമായും പ്രയോജനകരമായിരുന്നുവെന്നും പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോധ്യമായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാലിന്യസംസ്കരണ സംവിധാനം നടപ്പിലാക്കുന്നതിനായി ഡസ്റ്റ് ബിൻ വാങ്ങി 9,750/-രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.<br>വില്പന നികുതി ഇനത്തിൽ 18,730/-രൂപ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| | | | |
|---|---|---|---|
| | | | വാണിജ്യനികുതി വകുപ്പിൽ അടവാക്കിയിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 22.10.2021 ലെ 2(3) തീരുമാനപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| | | 22. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് ( 3.17) 2002-2003<br><br>സാക്ഷരത - ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. | 22. സാക്ഷരതാ അക്കൗണ്ടിൽ നിന്നും 17.08.2002-ലെ 31472-[illegible] നമ്പർ ചെക്ക് പ്രകാരം 12708/-രൂപ വിനിയോഗിച്ച് സാക്ഷരത തുടർ വിദ്യാഭ്യാസ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ റാക്ക്, മേശ, കസേര, ബെഞ്ച് എന്നിവ വാങ്ങിയിട്ടുണ്ട് അന്വേഷണത്തിൽ ബോധ്യമായതായും വാങ്ങിയ ഫർണിച്ചറുകൾ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് തുടർ വിദ്യാഭ്യാസകേന്ദ്രത്തിന് കൈമാറുകയും അവ നിലവിലും ഉപയോഗിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും ഇവ പ്രവർത്തന യോഗ്യമാണെന്ന് തുടർ വിദ്യാകേന്ദ്രം പ്രേരക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് പരിഗണിച്ചും സാമ്പത്തിക നഷ്ടം ഒന്നും തന്നെ സംഭവിച്ചിട്ടില്ല എന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലും ടി പരാമർശം ഒഴിവാക്കി നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 22.10.2021 ലെ 2(3) തീരുമാന പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |